# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തണ്ണിത്തോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി 9/1311/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 11/01/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തണ്ണിത്തോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തണ്ണിത്തോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തണ്ണിത്തോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി 9/1311/22 തീയ്യതി: 11/01/2023

## പത്തനംതിട്ട ജില്ലയിലെ തണ്ണിത്തോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ തണ്ണിത്തോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-08-2021 മുതൽ 31-10-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സ്നിഗ്ധ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 17-11-2022 | 26-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 17-11-2022 | 26-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

മുഹ്സിൻ ഫൈസൽ, ഓഡിറ്റ് ഓഫീസർ
ഹരികുമാർ എം,അസി.ഓഡിറ്റ് ഓഫീസർ
അരുൺ പി.ബി,സീനി.ഗ്രേഡ് ഓഡിറ്റർ
അനിൽ കുമാർ പി,സീനി.ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. കുട്ടപ്പൻ കെ.എ. | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.സിജു പി. | സെക്രട്ടറി | 01-04-2021 | 12-09-2021 |

| | | | |
|---|---|---|---|
| ശ്രീ.പ്രമോജ്കുമാർ കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 13-09-2021 | 14-11-2021 |
| ശ്രീ.സിജു.പി. | സെക്രട്ടറി | 15-11-2021 | 19-12-2021 |
| ശ്രീ.സേതു ആർ. | സെക്രട്ടറി | 20-12-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പ്രമോജ്കുമാർ കെ | അസി.സെക്രട്ടറി | 01-04-2021 | 31-03-2022 |
| മുരളി.എ | അസി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഡോ.അരുൺ പ്രതാപ് | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ.ലക്ഷ്മി.പി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2021 | 31-03-2022 |
| പ്രിയാ ദേവി എ.ആർ. | ഹെഡ്മാസ്റ്റർ | 01-04-2021 | 27-10-2021 |
| ശാന്ത ആർ. | ഹെഡ്മാസ്റ്റർ | 28-10-2021 | 31-03-2022 |
| ആര്യ എസ്.ആർ | കൃഷി ഓഫീസർ | 01-04-2021 | 10-10-2021 |
| ഷിബിൻ രാജ് | കൃഷി ഓഫീസർ | 11-10-2021 | 31-03-2022 |
| ഡോ.ബിനി രാജ് | വെറ്ററിനറി സർജൻ | 01-04-2021 | 09-05-2021 |
| ഡോ.വിജി വിജയൻ | വെറ്ററിനറി സർജൻ | 10-05-2021 | 31-03-2022 |
| നീതു കൃഷ്ണൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 04-12-2021 |
| അഞ്ജനാ മോഹൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 05-12-2021 | 31-03-2022 |
| അനിൽകുമാർ എം.ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1 | 01-04-2021 | 30-09-2021 |
| സിബി മാത്യൂസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2 | 01-04-2021 | 30-09-2021 |
| അജീഷ് എച്ച്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-10-2021 | 31-03-2022 |
| ഇന്ദിര ഡി. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-05-2021 |
| ബേനസീർ എസ്. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-06-2021 | 06-07-2021 |
| സൂര്യ ബി. നായർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 07-07-2021 | 08-12-2021 |
| ദീപിക എസ്. | ഐ.സി.ഡി.എസ് | 09-12-2021 | 31-03-2022 |

| | | | |
|---|---|---|---|
| | സൂപ്പർവൈസർ | | |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക പരിശോധന | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക നില ഭദ്രമല്ല | 1-11 |
| 12 | അനധികൃത നിർമ്മാണങ്ങളുടെ വസ്തുനികുതി കുടിശ്ശിക 10.31 ലക്ഷം | 1-12 |
| 13 | വസ്തുനികുതി നിരക്കുകൾ വിജ്ഞാപനം ചെയ്തില്ല | 1-13 |
| 14 | കൂട്ടിച്ചേർക്കപ്പെടുന്ന കെട്ടിടഭാഗങ്ങളുടെ വസ്തുനികുതി ഈടാക്കുന്നില്ല | 1-14 |
| 15 | സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല | 1-15 |
| 16 | തൊഴിൽനികുതി പിരിവ് കാര്യക്ഷമമല്ല | 1-16 |
| 17 | കെട്ടിടത്തിന്റെ ഉപയോഗക്രമം പരിഗണിക്കാതെ വസ്തുനികുതി നിർണ്ണയിച്ചു | 1-17 |
| 18 | റേഷൻ റീട്ടെയിൽ ഷോപ്പുകൾ ലൈസൻസ് എടുത്തിട്ടില്ല | 1-18 |
| 19 | പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കുന്നില്ല | 1-19 |
| 20 | ജനകീയ ഹോട്ടൽ പദ്ധതി നടത്തിപ്പ്- നടപടിക്രമങ്ങളിൽ വീഴ്ച | 1-20 |
| 21 | ഫാമിലി ഹെൽത്ത് സെന്ററിലേക്ക് മരുന്നും ഉപകരണങ്ങളും ലഭ്യമാകുവാൻ അവശേഷിക്കുന്നു | 1-21 |
| 22 | കാലിത്തൊഴുത്ത് നവീകരണം-മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കുന്നില്ല | 1-22 |
| 23 | കന്നുകുട്ടി പരിപാലനം - പദ്ധതിയിൽ നിന്ന് പുറത്തായവർക്ക് വേണ്ടി ഒടുക്കിയ സബ്സിഡിത്തുക തിരികെ ഈടാക്കണം | 1-23 |
| 24 | കാർഷിക കർമ്മസേനയ്ക്ക് കാട് വെട്ട് യന്ത്രം-കരാറിൽ ഏർപ്പെട്ടിട്ടില്ല | 1-24 |
| 25 | പച്ചക്കറിക്കൃഷി വികസനം-സബ്സിഡി ഇനത്തിൽ 22750 രൂപ ചെലവഴിച്ചതിന് രേഖകളില്ല | 1-25 |
| 26 | തേനീച്ച വളർത്തൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-26 |
| 27 | മരാമത്ത് പ്രവൃത്തികൾ പൂർത്തിയാക്കുന്നതിൽ അകാരണമായ കാലതാമസം | 1-27 |

| | | |
|---|---|---|
| | നേരിടുന്നു | |
| 28 | ആയുർവേദ ആശുപത്രി- നവീകരണം ഇല്ലാതെ നശിക്കുന്നു | 1-28 |
| 29 | സംയുക്ത പദ്ധതികൾക്ക് ലഭിക്കുന്ന ഫണ്ടുകൾ പാഴാകുന്നു | 1-29 |
| 30 | മരുന്നുകൾ ലഭ്യമായില്ല | 1-30 |
| 31 | നിക്ഷേപ പ്രവൃത്തി- തുടർനിരീക്ഷണം ശക്തമാക്കേണ്ടതാണ്. | 1-31 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

23.02.2021 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റിന് 28.02.2022 ൽ അംഗീകാരം നൽകിയിട്ടുണ്ട്.

### 1-2 വാർഷിക ധനകാര്യ പത്രിക പരിശോധന

ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. ഷെഡ്യൂൾ ബി-4: Grants And Contributions For Specific Purposes-സംയുക്ത പദ്ധതികൾക്കായുള്ള ബാധ്യത ഹെഡും ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുമായി (B-17) പൊരുത്തപ്പെടുന്നില്ല.

2. ഷെഡ്യൂൾ ബി-4: Grants And Contributions For Specific Purposes- Other Awards And Honours- 12,792 രൂപ റെവന്യൂ ഹെഡിലേക്ക് മാറ്റി ക്രമീകരിക്കേണ്ടതാണ്.

3.ഷെഡ്യൂൾ ബി-5: Secured Loan From KURDFC- ബാധ്യതയായി രേഖപ്പെടുത്തിയിട്ടുള്ള തുക യും(₹ 11,03,178) യഥാർത്ഥ നീക്കിയിരിപ്പ് തുകയും (₹ 8,53,843) തമ്മില് 2,49,335 രൂപയുടെ വ്യത്യാസമുണ്ട്. തൻവർഷം വായ്പ തിരിച്ചടവിനായി സ്രോതസ്സിൽ കുറവ് ചെയ്ത 2,49,335 രൂപ അക്കൗണ്ട് ചെയ്തിട്ടില്ല.

4. ഷെഡ്യൂൾ ബി-18: വിവിധ നിർവ്വഹണ ഏജൻസികൾക്ക് നൽകിയിട്ടുള്ള മുൻകൂറുകൾ, വിനിയോഗ വിവരം രേഖപ്പെടുത്തി ബന്ധപ്പെട്ട ആസ്തികളിലേക്ക് മാറ്റിയിട്ടില്ല.

Deposit With KWA - ₹ 1,55,27,686

Depoist With KSEB - ₹ 84,02,359

5. ഷെഡ്യൂൾ ബി-11(a): Capital Work In Progress- അക്കൗണ്ട് ചെയ്തിരിക്കുന്ന തുക ₹ 36,04,496തെറ്റാണ്. രേഖകളുടെ അഭാവത്തിൽ തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.

6. വസ്തു നികുതി-ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ്‌വെർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

7. ഷെഡ്യൂൾ ബി-7: Deposit Received- Suppliers Earnest Money Deposit- രേഖപ്പെടുത്തിയിരിക്കുന്ന തുകയും (₹31,623) രജിസ്ററർ പ്രകാരമുള്ള തുകയും(₹24623) തമ്മിൽ 7000 രൂപയുടെ വ്യത്യാസമുണ്ട്.

8. ഷെഡ്യൂൾ ബി-7: Prepaid Expenses: രേഖപ്പെടുത്തിയിരിക്കുന്ന തുക തെറ്റാണ്. ചെലവ് ചെയ്ത 2,49,335 രൂപ അക്കൗണ്ട് ചെയ്തിട്ടില്ല.

9. ഷെഡ്യൂൾ I-6: Development Fund (General) ഇനത്തിൽ സുലേഖ സോഫ്റ്റ് വെയറിലെ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് 3,50,51,699 രൂപയാണ്. എന്നാൽ ഷെഡ്യൂൾ I-6 പ്രകാരമുള്ള ചെലവ് 3,53,56,999 രൂപയാണ്. വ്യത്യാസം ക്രമീകരിച്ചിട്ടില്ല.

10. പഞ്ചായത്ത് നാളിതുവരെ ആർജ്ജിച്ച എല്ലാ ആസ്തികളും തിട്ടപ്പെടുത്തി അക്കൗണ്ട് ചെയ്തിട്ടില്ല. (ഉദാ: Land Rs. 36,345)

വാർഷിക കണക്കിലെ മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 66,17,428 |
| ഓഡിറ്റ് വർഷത്തെ വരവ് | 10,56,01,895 |
| ആകെ വരവ് | 11,22,19,323 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 9,89,01,941 |
| നീക്കിയിരിപ്പ് | 1,33,17,382 |

### 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ |
|---|---|---|---|---|---|

| | | (അലോട്ട്മെന്റ് ലഭിച്ചത് ) | | | തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | ഇല്ല | 48763748 | 48763748 | 35542967 | 13220781 |
| വികസന ഫണ്ട്-എസ്.സി.പി | „ | 3657900 | 3657900 | 2430430 | 1227470 |
| വികസന ഫണ്ട്-ടി.എസ്.പി | „ | 257500 | 257500 | 243000 | 14500 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | „ | 20469700 | 20469700 | 14846280 | 5623420 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) | „ | 11894403 | 11894403 | 7497930 | 4396473 |
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് | „ | 10653200 | 10653200 | 7672217 | 2980983 |
| മെയിന്റനൻസ് ഗ്രാന്റ്- നോൺ-റോഡ് | „ | 11695287 | 11695287 | 4719532 | 6975755 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | |
| ശുചിത്വമിഷൻ ഗ്രാന്റ് | 1213261 | -- | 1213261 | 592500 | 620761 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | |
| ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 2883 | 45365671 | 45368554 | 45367778 | 776 |
| ഐ.സി.ഡി.എസ്. | 1591166 | 523506 | 2114672 | 309766 | 1804906 |
| സർവ്വശിക്ഷ അഭിയാൻ | 186551 | 6364 | 192915 | -- | 192915 |
| മറ്റ് ഗ്രാന്റുകൾ , അവാർഡുകൾ | | | | | |
| വിമുക്തി | 24410 | -- | 24410 | 24410 | 0 |

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വിവിധ വിഭാഗങ്ങളിൽനിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുക വരവിലും (അലോട്ട്മെന്റ്) ചെലവിലും ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | വരവ് തുക | ചെലവ് തുക |
|---|---|---|---|
| വികസന ഫണ്ട്-ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 3,96,001 | 1,98,001 |
| „ | അങ്കണവാടി അധിക വേതനം | 10,33,800 | 3,44,000 |
| വികസന ഫണ്ട്-എസ്.സി.പി. | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 1,02,666 | 1,02,666 |

1.* ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ് & അൺ-ടൈഡ്)- ഈ-ഗ്രാം സ്വരാജ് വഴി ലഭിച്ച തുക ലാപ്സാകുന്നില്ല. 2022-23 വർഷം രൂപ ക്യാരി ഓവർ ചെയ്തു ലഭിച്ചിട്ടുണ്ട്.

2.* ലൈഫ് ഭവന പദ്ധതിക്കായി എസ്.സി.പി. വിഭാഗത്തിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക തെറ്റായി വികസനഫണ്ട് ജനറൽ വിഭാഗത്തിൽ അക്കൗണ്ട് ചെയ്തിരിക്കുന്നു.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 247 | 124545811 | 161 | 76587171 | 86 | 65.18 |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ വരവ് ചെലവ് കണക്കുകളുടെ വിവരം ചുവടെചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2,883 | 1537820 | 1540703 | 1539927 | 776 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | Xx | 43827851 | 43827851 | 43827851 | Xx |
| ആകെ | Xx | 45365671 | 45368554 | 45367778 | 776 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപ്പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 6720800 | 412 |
| വിധവാപെൻഷൻ | 10214100 | 633 |
| വാർദ്ധക്യകാലപെൻഷൻ | 24110700 | 1577 |
| വികലാംഗപെൻഷൻ | 3195000 | 196 |
| 50വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 134400 | 9 |
| തൊഴിൽരഹിത വേതനം | 9960 | 5 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.11.2022ന് 11.10 AMന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 9132രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

സാധനങ്ങളും സേവനങ്ങളും വാങ്ങുന്നത് സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. സാമ്പത്തിക വർഷം വാങ്ങാൻ ആവശ്യമായി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണം നടത്തുവാൻ പ്രൊക്യൂർമെന്റ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുള്ളത് കൃത്യമായ ഇടവേളകളിൽ ജോലി വിലയിരുത്തി മേൽനോട്ട ചുമതലയുള്ളവർ മോണിറ്ററിംഗ് നടത്തി ആവശ്യമായ നിർദേശങ്ങൾ നൽകേണ്ടതാണ്. പഞ്ചായത്തിന്റെ സാമ്പത്തിക നില അതീവ ദുർബ്ബലാവസ്ഥയിലാണ്. പൊതു ടാപ്പുകൾ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ആവശ്യമുള്ളവ നില നിർത്തി ബാക്കിയുള്ളവ വിച്ഛേദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 04.07.2022 | 01/2022 മുതൽ 03/2022 | 22.07.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18.01.2018 | 2012-13 മുതൽ 2016-17 | 20.03.2018 |

## 1-11 ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക നില ഭദ്രമല്ല

ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ തനത് വരുമാനവും ചെലവുകളും സംബന്ധിച്ച് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തനത് വരുമാനം | തുക | തനത് ചെലവുകൾ | തുക |
|---|---|---|---|
| നികുതി വരുമാനം (I-1) | 32,33,251 | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ (1-10b) | 1,17,26,867 |
| വാടക (I-3) | 8,000 | ഭരണപരമായ ചെലവുകൾ( I-11b) | 4,23,366 |
| ഫീസുകളും യൂസർ ചാർജ്ജും (I-4b) | 6,53,647 | പ്രവർത്തന ചെലവുകളും പരിപാലനവും (I-12b) | 15,25,060 |
| വിൽപ്പനയും കൂലി ചാർജ്ജും (I-5b) | 2,20468 | | |
| പലിശ (I-8) | 1,14,509 | | |
| വരവിൽ കവിഞ്ഞ് ചെലവ് | *94,45,418* | | |
| ആകെ | 1,36,75,293 | ആകെ | 1,36,75,293 |

ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തികനില ഭദ്രമല്ല. പൊതു ആവശ്യ ഗ്രാന്റ് ലഭിക്കുന്നതുകൊണ്ടു മാത്രമാണ് ജീവനക്കാർക്കുള്ള ശമ്പളം, ജനപ്രതിനിധികൾക്കുള്ള ഓണറേറിയം, തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് എന്നിവ മുടക്കം കൂടാതെ നൽകാൻ കഴിയുന്നത് (തൻവർഷം ലഭിച്ച പൊതു ആവശ്യ ഗ്രാന്റ് 69,71,000 രൂപയാണ്). 2020-21 വർഷത്തെ ഗ്യാപ് ഫണ്ടായി 24,26,127 രൂപ 2021-22-ൽ ലഭിച്ചിട്ടുണ്ട്. കണക്കുകൾ പ്രകാരം പഞ്ചായത്തിന്റെ ധനകമ്മി 94.45 ലക്ഷം രൂപയാണ്. തനത് ഫണ്ടിന്റെ അഭാവം കാരണം ജീവനക്കാരുടെ പി.എഫ്. വിഹിതം, പെൻഷൻ കോൺട്രിബ്യൂഷൻ ഉടങ്ങിയ റിക്കവറികൾ കൃത്യമായി അടയ്ക്കാൻ കഴിയുന്നില്ല.

അധികാര വികേന്ദ്രീകരണത്തിന്റെ ഫലമായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ ചുമതലകളും ഉത്തരവാദിത്വങ്ങളും കൈവന്നിട്ടുണ്ട്. ഈ ചുമതലകളും, ഉത്തരവാദിത്വങ്ങളും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് കൂടുതൽ വിഭവങ്ങൾ ആവശ്യമാണ്. ദൈനംദിന ചെലവുകൾ വർദ്ധിക്കുമ്പോഴും അതിനനുസൃതമായി വരുമാന വർദ്ധനവ് ഉണ്ടാകാത്തതുമൂലം പഞ്ചായത്തിൽ നിക്ഷിപ്തമായ അനിവാര്യ ചുമതലകൾ നിർവ്വഹിക്കുന്നതിൽ സ്ഥാപനം പരാജയപ്പെടുന്നു. പ്രാദേശിക സർക്കാരുകളിൽ അർപ്പിതമായിട്ടുള്ള ഭരണഘടനാപരമായ ചുമതലകൾ നിർവ്വഹിക്കുന്നതിന് പഞ്ചായത്തുകൾ സ്വയംപര്യാപ്തമാകേണ്ടത് അനിവാര്യമാണ്.

തനത് ഫണ്ടിന്റെ അപര്യാപ്തത – തനത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ള മറ്റ് ഫണ്ടുകൾ വിനിയോഗിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം നിക്ഷേപിക്കുന്നതിനായി 3 അക്കൗണ്ടുകളാണ് നിലവിൽ ഉള്ളത്. ആയതിന്റെ 31-03-2022 പ്രകാരമുള്ള നീക്കിയിരുപ്പ് വിശദാംശങ്ങൾ ചുവടെ ചേക്കുന്നു.

| | |
|---|---|
| ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക്-തണ്ണിത്തോട് | 649006 |
| ട്രഷറി റ്റി.എസ്.ബി. | 2630058 |
| ഓൺലൈൻ അക്കൗണ്ട്-എസ്.ബി.ഐ. | 87856 |
| ആകെ | 3366920 |

വിവിധ കേന്ദ്ര/സംസ്ഥാനാവിഷ്കൃത പദ്ധതികൾ, ശുചിത്വമിഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിൽ ലഭിക്കുന്ന ഫണ്ടുകൾ തനത് ഫണ്ടിലാണ് നിക്ഷേപിക്കുന്നത്. പ്രസ്തുത ഇനങ്ങളിലുള്ള നീക്കിയിരുപ്പ് ചുവടെ ചേർക്കുന്നു.

| ഫണ്ട് | തുക |
|---|---|
| ഐ.സി.ഡി.എസ്. | 1804906 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 620761 |
| എസ്.എസ്.എ. | 192915 |

| | |
|---|---|
| മറ്റുള്ളവ | 12792 |

ഇവ കൂടാതെ സെക്യൂരിറ്റി നിക്ഷേപം ഇനത്തിൽ 3,11,752 രൂപയുടെയും ശമ്പളം ഉൾപ്പെടെയുള്ള ചെലവുകൾക്കായി 25,28,641 രൂപയുടെയും ബാധ്യതയുണ്ട്. ആകെ 28,40,393 രൂപയുടെ ബാധ്യത നിലനിൽക്കുമ്പോൾ, തനത് ഫണ്ടിൽ 33,66,920 രൂപ മാത്രമാണ് അവശേഷിക്കുന്നത്. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളും ഋണശീർഷ തുകകളും തനത് ഫണ്ടിൽ നിക്ഷേപിക്കുന്നതുമൂലം, തനത് ഫണ്ടിന്റെ അപര്യാപ്തതകൊണ്ട് മേൽ ഫണ്ടുകൾ മറ്റ് ആവശ്യങ്ങൾക്കായി വിനിയോഗി ക്കേണ്ടതായി വരുന്നു. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ പ്രത്യേക അക്കൗണ്ട് തുടങ്ങി അതിൽ നിക്ഷേപിക്കുന്നത് അഭിലഷണീയമാണ്.

## 1-12 അനധികൃത നിർമ്മാണങ്ങളുടെ വസ്തുനികുതി കുടിശ്ശിക 10.31 ലക്ഷം

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നിരവധി വ്യക്തികളും സംഘടനകളും പഞ്ചായത്തിൽനിന്ന് നിയമാനുസൃത അനുമതി കൂടാതെ കെട്ടിടനിർമ്മാണം നടത്തിയിട്ടുണ്ട്. അനധികൃതമായി നിർമ്മിക്കപ്പെട്ട ഇത്തരം കെട്ടിടങ്ങളുടെ നികുതി നിർണ്ണയിക്കുന്നതിനായി UA നമ്പർ നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ നികുതി ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | U/A നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ തരം | നിർണ്ണയിച്ച നികുതി | നാളിതുവരെയുള്ള കുടിശ്ശിക |
|---|---|---|---|---|---|
| 1. | II/13A | ട്രസ്റ്റി, സെന്റ് ആന്റണീസ് ഓർത്തഡോക്സ് ചർച്ച്,തണ്ണിത്തോട്, | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെൻറർ, Etc. | 122202 | 488808 |
| 2. | VIII/30A | സെക്രട്ടറി,എസ് എൻ ഡി പി,തേക്കുതോട് | -ടി- | 51147 | 204588 |
| 3. | 12/375E | സെക്രട്ടറി, എസ്.എൻ.ഡി.പി ശാഖാ യോഗം,തണ്ണിത്തോട് | -ടി- | 45682 | 182728 |
| 4. | 12/260A | സെക്രട്ടറി, സി പി ഐ(എം) ലോക്കൽ കമ്മിറ്റി,തണ്ണിത്തോട്. | ഓഫീസ് ആവശ്യം | 10887 | 43548 |
| 5. | 11/421A | പ്രസിഡന്റ്, കോൺഗ്രസ് മണ്ഡലം കമ്മിറ്റി,തണ്ണിത്തോട് | ഓഫീസ് ആവശ്യം | 7690 | 30760 |
| 6. | 12/401A | മാനേജർ,എവർഷൈൻ ഇംഗ്ലീഷ് മീഡിയം സ്കൂൾ,തണ്ണിത്തോട് | വിദ്യാഭ്യാസ ആവശ്യം | 16012 | 16012 |
| 7. | 12/375C | സെക്രട്ടറി, എസ്.എൻ.ഡി.പി ശാഖാ യോഗം,തണ്ണിത്തോട് | വാണിജ്യാവശ്യം | 6751 | 13502 |
| 8. | 12/375D | സെക്രട്ടറി, എസ്.എൻ.ഡി.പി ശാഖാ യോഗം,തണ്ണിത്തോട് | വാണിജ്യാവശ്യം | 2558 | 5116 |
| 9. | 3/405C | ഷാജി എം ജെ(പ്ലാവേലിൽ വീട്,തേക്കുതോട് | പാർപ്പിടാവശ്യം | 1449 | 4347 |
| 10. | 10/183A | എൻ.ശശികല (പുത്തൻപറമ്പിൽ (ആനന്ദഭവനം),എലിമുള്ളുംപ്ലാക്കൽ | പാർപ്പിടാവശ്യം | 3994 | 3994 |
| 11. | 6/264A | ലത (സുരേഷ് ഭവനം, മണിമരുതിക്കൂട്ടം | പാർപ്പിടാവശ്യം | 1235 | 3705 |
| 12. | 12/375B | സെക്രട്ടറി, എസ്.എൻ.ഡി.പി ശാഖാ യോഗം,തണ്ണിത്തോട് | വാണിജ്യാവശ്യം | 1557 | 3114 |
| 13. | 12/14A | പ്രിൻസ്, ഇലവുംങ്കൽ, തണ്ണിത്തോ | പാർപ്പിടാവശ്യം | 586 | 2344 |
| 14. | 3/409A | കൃഷ്ണൻകുട്ടി പി എ, പുത്തൻവീട്ടിൽ, തേക്കുതോട് | പാർപ്പിടാവശ്യം | 744 | 2232 |

| | | | | | |
|---|---|---|---|---|---|
| 15. | 3/405A | പ്രഭ കെ ആർ, കോളശ്ശേരിൽ, കരിമാൻതോട്, | പാർപ്പിടാവശ്യം | 709 | 2127 |
| 16. | 3/409B | അനിൽ കുമാർ, പാറയ്ക്കൽ, തേക്കുതോട് | പാർപ്പിടാവശ്യം | 618 | 1854 |
| 17. | 7/88A | തങ്കപ്പൻ, കോക്കാട് വീട്, കരിമാൻതോട് | പാർപ്പിടാവശ്യം | 558 | 1674 |
| 18. | 4/156A | കുഞ്ഞുമോൻ, വിളയിൽ വീട്, തേക്കുതോട് | പാർപ്പിടാവശ്യം | 829 | 1658 |
| 19. | 3/228A | വിനോദ്, മുണ്ടൻകാവുങ്കൽ, കരിമാൻതോട് | പാർപ്പിടാവശ്യം | 401 | 1604 |
| 20. | 12/22B | സുധർമ്മ റ്റി, ഇലവുംങ്കൽ, തണ്ണിത്തോട്, തണ്ണിത്തോട് പി ഒ | പാർപ്പിടാവശ്യം | 486 | 1458 |
| 21. | 6/266UA | പുഷ്പ, വിമൽ ഭവനം, തേക്കുതോട് | പാർപ്പിടാവശ്യം | 479 | 1437 |
| 22. | 12/11UA | സതീഷ് എസ്, ഇലവുംങ്കൽ വീട്, തണ്ണിത്തോട് | പാർപ്പിടാവശ്യം | 331 | 1324 |
| 23. | 12/22A | സുജാത രാജൻകുട്ടി, ഇലവുംങ്കൽ,തണ്ണിത്തോട് | പാർപ്പിടാവശ്യം | 438 | 1314 |
| 24. | 6/271A | അംബിക, കാരുമല പുത്തൻവീട്, തേക്കുതോട് | പാർപ്പിടാവശ്യം | 1216 | 1216 |
| 25. | 4/157A | വിൽസൺ കെ.കെ., കുമ്പുക്കാട്ട്, തുമ്പാക്കുളം | പാർപ്പിടാവശ്യം | 1188 | 1188 |
| 26. | 5/294A | സജിനി, സജിനിയിൽ, തേക്കുതോട് | പാർപ്പിടാവശ്യം | 1141 | 1141 |
| 27. | 6/258A | സിന്ധു എസ്, കോടിയാട്ട്, തേക്കുതോട് | പാർപ്പിടാവശ്യം | 974 | 974 |
| 28. | 12/65B | ആതിര ഇ ആർ, ഈട്ടിമൂട്ടിൽ, തണ്ണിത്തോട് | പാർപ്പിടാവശ്യം | 319 | 957 |
| 29. | 9/201A | സരസമ്മ, മാന്തറയിൽ വീട്, മണ്ണീറ | പാർപ്പിടാവശ്യം | 801 | 801 |
| 30. | 6/266B | രാജൻ, പുളിനിൽക്കുന്നതിൽ, മണിമരുതിക്കൂട്ടം | പാർപ്പിടാവശ്യം | 760 | 760 |
| 31. | 6/116B | ശാന്ത,പുളിഞ്ചാൽ വീട്, ഏഴാന്തല | പാർപ്പിടാവശ്യം | 731 | 731 |
| 32. | 12/65A | അംബിക സി.കെ, ഈട്ടിമൂട്ടിൽ, തണ്ണിത്തോട് | പാർപ്പിടാവശ്യം | 240 | 720 |
| 33. | 7/120A | വൽസല, അജിതാ ഭവൻ, തേക്കുതോട് | പാർപ്പിടാവശ്യം | 227 | 681 |
| 34. | 12/8B | മിനി. പി, ഇലവുങ്കൽ വീട്, തണ്ണിത്തോട് | പാർപ്പിടാവശ്യം | 325 | 650 |
| 35. | 6/265A | അനിൽ, കൊടിയാട്ട് വീട്,മണിമരുതിക്കൂട്ടം | പാർപ്പിടാവശ്യം | 309 | 618 |
| 36. | 3/150UA | പ്രമീളാ ദേവി, പ്രദീപ് നിവാസ്, തേക്കുതോട് | പാർപ്പിടാവശ്യം | 199 | 597 |
| 37. | 7/92UA | പൊടിയമ്മ, കുഴിവേലിമുകളിൽ, തേക്കുതോട് | പാർപ്പിടാവശ്യം | 199 | 597 |

| | | | | | |
|---|---|---|---|---|---|
| 38. | 12/28A | ആനന്ദവല്ലി, ഇലവുംങ്കൽ,തണ്ണിത്തോട് | പാർപ്പിടാവശ്യം | 281 | 562 |
| 39. | 3/412UA | സുമ, കുഴിവേലിമുകളിൽ, തേക്കുതോട് | പാർപ്പിടാവശ്യം | 530 | 530 |
| ആകെ | | | | | 1031971 |

നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുന്നതിന് 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 235എ, 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20 എന്നിവ പ്രകാരം ഗ്രാമപ്പഞ്ചായത്തിന് അധികാരമുണ്ടായിരിക്കെ, നികുതി ഈടാക്കാതിരിക്കുന്നത് തെറ്റായ നടപടിയാണ്. കൂടാതെ, യു.എ.നമ്പർ ലഭിച്ച കെട്ടിടം മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ പാടുള്ളതല്ല എന്ന് ചട്ടം 20(2) ൽ പറഞ്ഞിട്ടുണ്ടെങ്കിലും, മേൽപ്പറഞ്ഞ കെട്ടിടങ്ങളെല്ലാംതന്നെ ഉടമകൾ നിലവിൽ ഉപയോഗിച്ചുവരുന്നുണ്ട്.

അനധികൃത കെട്ടിടങ്ങളുടെ നികുതി കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുക്കുന്നതിന് റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. ഈ വിഷയം ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-13 വസ്തുനികുതി നിരക്കുകൾ വിജ്ഞാപനം ചെയ്തില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം തണ്ണിത്തോട് ഗ്രാമപ്പഞ്ചായത്തു പ്രദേശത്തെ വിവിധ ഉപയോഗക്രമങ്ങളിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ വസ്തുനികുതി നിരക്കുകൾ വിജ്ഞാപനം ചെയ്യുകയും അത് സഞ്ചയയിൽ ഉൾപ്പെടുത്തുകയും ആയതിനനുസൃതമായി കെട്ടിടങ്ങൾക്ക് നികുതി ചുമത്തുകയും ചെയ്തുവരുന്നുണ്ട്. ജി.ഒ.(ആർ.റ്റി)നം.19/2011/തസ്വഭവ, തീയതി 14.01.2011 നമ്പർ ഉത്തരവിലാണ് കെട്ടിടങ്ങളുടെ നികുതി നിരക്കുകൾ സംബന്ധിച്ച സർക്കാർ നിർദ്ദേശമുള്ളത്. പ്രസ്തുത ഉത്തരവിൽ ഉൾപ്പെടാതിരുന്ന ഉപയോഗക്രമങ്ങളിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നികുതി നിരക്കുകൾ എസ്ആർഒ നം.100/2015 തീയതി 25.02.2015 പ്രകാരം സർക്കാർ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഉദാഹരണമായി സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ, ആയുർവേദ സുഖ ചികിത്സകേന്ദ്രങ്ങൾ മുതലായവ.

അധികമായി ഉൾപ്പെടുത്തിയ വിഭാഗത്തിലുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിക്കുന്നതിനായി ഗ്രാമപ്പഞ്ചായത്ത് വിജ്ഞാപനം പുറപ്പെടുവിക്കുകയോ നികുതി നിരക്കുകൾ പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുകയോ ചെയ്തിട്ടില്ലായെന്ന് സഞ്ചയയിൽ ലഭ്യമായ വിവരങ്ങൾ പരിശോധിച്ചതിൽ ബോദ്ധ്യമായി. ഇക്കാരണത്താൽ, ഹോംസ്റ്റേ ഇനത്തിൽപ്പെട്ട കെട്ടിടം പാർപ്പിടാവശ്യമായി നികുതി നിർണ്ണയിക്കുന്ന സാഹചര്യമുണ്ടായി.

എസ്ആർഒ നം.100/2015 തീയതി 25.02.2015 പ്രകാരമുള്ള വസ്തുനികുതി നിരക്കുകൾ വിജ്ഞാപനം ചെയ്യാതിരുന്നതിന്റെ കാരണം വ്യക്തമാക്കുന്നതിന് 23.11.2022ൽ സെക്രട്ടറിക്ക് ഓഡിറ്റ് എൻക്വയറി (നം.11) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഈ വിഷയത്തിൽ ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 കൂട്ടിച്ചേർക്കപ്പെടുന്ന കെട്ടിടഭാഗങ്ങളുടെ വസ്തുനികുതി ഈടാക്കുന്നില്ല

വസ്തുനികുതി നിർണ്ണയത്തിനു ശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും മാറ്റം വരുത്തുന്ന സംഗതിയിൽ നികുതി നിർണ്ണയ അധികാരി സ്വീകരിക്കേണ്ട നടപടിക്രമം സംബന്ധിച്ച് 2011ലെ കേരള പഞ്ചായത്ത് രാജ്(വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 17ൽ പ്രതിപാദിച്ചിട്ടുണ്ട്.

1. നികുതി നിർണ്ണയത്തിനു ശേഷം മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ വിവരം കെട്ടിട ഉടമകൾ പഞ്ചായത്തിൽ രേഖാമൂലം അറിയിക്കേണ്ടതാണ് (ചട്ടം17.1)

2. ഇപ്രകാരം നികുതി നിർണ്ണയത്തിനു ശേഷം മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ വിവരം കെട്ടിട ഉടമകൾ പഞ്ചായത്തിൽ രേഖാമൂലം അറിയിക്കാത്ത സാഹചര്യത്തിൽ, പഞ്ചായത്ത് നേരിട്ട് പരിശോധന നടത്തി, വിവരങ്ങൾ ശേഖരിച്ച് വിവരം രേഖാമൂലം ലഭ്യമാക്കാത്ത കെട്ടിട ഉടമകളിൽനിന്നും നിയമാനുസൃത പിഴ ഈടാക്കേണ്ടതാണ് (ചട്ടം17.2)

3. കെട്ടിട ഉടമ പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കാതിരിക്കുന്ന സാഹചര്യത്തിൽ സെക്രട്ടറി, കെട്ടിടത്തിന്റെ വസ്തുനികുതി പുനർ നിർണ്ണയിക്കേണ്ടതാണ് (ചട്ടം17.4)

ഒരിക്കൽ വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങൾ ഘടനാപരമായി മാറ്റം വരുത്തുന്നപക്ഷം അവയുടെ വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണെങ്കിലും അപ്രകാരം ചെയ്യുന്നില്ല. നിലവിലുള്ള കെട്ടിടത്തോടൊപ്പം കൂടുതൽ മുറികൾ കൂട്ടിച്ചേർക്കൽ, കെട്ടിടങ്ങളുടെ മുകളിൽ അധികം നിലകൾ പണിയൽ, മേൽക്കൂര മാറ്റൽ, വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളിൽ നികുതി നിർണ്ണയിച്ചതിനുശേഷം സെൻട്രലൈസ്ഡ് എയർ കണ്ടീഷനിംഗ് സിസ്റ്റം സ്ഥാപിക്കൽ എന്നിവയെല്ലാം പരിശോധിച്ച് അതിനനുസൃതമായി നികുതി പുനർ നിർണ്ണയിക്കുന്നതിന് നടപടി

സ്വീകരിക്കേണ്ടതാണ്.

## 1-15 സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല

ഒരു പഞ്ചായത്ത് പ്രദേശത്ത് സ്ഥിതിചെയ്യുന്നതും കേരള പഞ്ചായത്ത് രാജ് ആക്ടിലെ 207-ാം വകുപ്പ് പ്രകാരം സേവന ഉപനികുതിയിൽനിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രെയിനേജും എന്നിവ സംബന്ധിച്ച് സേവനങ്ങൾ നൽകുകയാണെങ്കിൽ ഗ്രാമപ്പഞ്ചായത്ത് അംഗീകരിക്കുന്ന നിരക്കിൽ സേവന ഉപനികുതികൾ ചുമത്താവുന്നതാണെന്നും എന്നാൽ അപ്രകാരം ചുമത്തുന്ന സേവന ഉപനികുതി 27-ാം ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നിരക്കിൽ കുറയാൻ പാടുള്ളതല്ലയെന്നും 2011-ലെ കേരള കേരളാ പഞ്ചായത്തിരാജ്(വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ 26-ാം ചട്ടത്തിൽ വ്യവസ്ഥ ചെയ്യുന്നു. എന്നാൽ നാളിതുവരെ പഞ്ചായത്ത് ടി സാധ്യത പ്രയോജനപ്പെടുത്തിയിട്ടില്ല. 27-ാം ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള കുറഞ്ഞ നിരക്കുകൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% |
| 2 | ജലവിതരണം | വസ്തു നികുതിയുടെ 3% |
| 3 | തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% |
| 4 | ഡ്രെയിനേജ് | വസ്തു നികുതിയുടെ 1% |

തെരുവുവിളക്ക് തെളിക്കൽ, കുടിവെള്ള വിതരണം, ശുചിത്വ പരിപാലനം ഇനങ്ങളിൽ വർഷാവർഷം ഗ്രാമപ്പഞ്ചായത്ത് ഗണ്യമായ തുക ചെലവഴിച്ചുവരുന്നു. തനതുഫണ്ട് തീരെക്കുറവായതിനാൽ ഗ്യാപ് ഫണ്ട് ലഭിക്കുന്നതുകൊണ്ടു മാത്രമാണ് പഞ്ചായത്തിന്റെ അനിവാര്യ ചെലവുകൾ നടന്നുവരുന്നത്. ഈ സാഹചര്യത്തിൽ, സേവന ഉപനികുതി ഏർപ്പെടുത്തുന്നതിനുള്ള സാദ്ധ്യത പ്രയോജനപ്പെടുത്തേണ്ടതാണ്. ഈ വിഷയത്തിലേക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-16 തൊഴിൽനികുതി പിരിവ് കാര്യക്ഷമമല്ല

ഗ്രാമപഞ്ചായത്തിലെ തൊഴിൽനികുതി പിരിവ് കാര്യക്ഷമമല്ല. തൊഴിൽനികുതി രജിസ്റ്ററും അർദ്ധവർഷ റിട്ടേണുകളും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

I. സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല

ഒരു അർദ്ധവർത്തിൽ അറുപതു ദിവസത്തിൽ കുറയാത്ത കാലയളവിൽ പഞ്ചായത്ത് പ്രദേശത്ത് ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരിൽനിന്ന് തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204-ാം വകുപ്പ് നിഷ്കർഷിക്കുന്നു.

ഗ്രാമപ്പഞ്ചായത്ത് പ്രദേശത്തെ നിരവധി സ്ഥാപനങ്ങളിൽ ജീവനക്കാർ ദിവസ / മാസ ശമ്പളത്തിന് ജോലിയിലേർപ്പെട്ടിരിക്കുന്നതായി, 2021-22സാമ്പത്തിക വർഷത്തേക്കുള്ള ലൈസൻസ് അപേക്ഷകളിൽ സ്ഥാപന ഉടമകൾ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ജീവനക്കാരിൽനിന്ന് നിയമാനുസൃതമായി ഈടാക്കേണ്ട തൊഴിൽനികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ല. പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | കറുകയിൽ സ്റ്റോഴ്സ്, മേക്കണ്ണം |
| 2 | ചെറി ഹാൻഡ് മെയ്ഡ് യൂണിറ്റ്, തണ്ണിത്തോട് |
| 3 | കൺസെപ്റ്റ് കവർ സ്റ്റിച്ചിംഗ് യൂണിറ്റ്, തണ്ണിത്തോട് |
| 4 | അൻസൺ ടെക്സ്റ്റൈൽസ്, തണ്ണിത്തോട് |
| 5 | എ വൺ ബേക്കറി, തണ്ണിത്തോട് |
| 6 | ലുക്ക് അറ്റ് മി, തണ്ണിത്തോട് |
| 7 | പ്രിയ ഇൻഡസ്ട്രീസ്, തേക്കുതോട് |
| 8 | ആർ ആർ എന്റർപ്രൈസസ്, തണ്ണിത്തോട് |
| 9 | ഒലീവ് ബേക്കറി, തണ്ണിത്തോട് |
| 10 | ഗ്രീൻലാൻഡ് റസ്റ്റോറന്റ്, തണ്ണിത്തോട് |
| 11 | ഇ സ്മാർട്ട് ഷോപ്പ് ആൻഡ് ജനസേവനകേന്ദ്രം, തണ്ണിത്തോട് |
| 12 | അദ്വൈത് കമ്മ്യൂണിക്കേഷൻസ് |

| | |
|---|---|
| 13 | ഡെഫി ചിക്കൻ സെന്റർ, കരിമാൻതോട് |
| 14 | കുന്നത്ത് സ്റ്റോഴ്സ്, തണ്ണിത്തോട് |
| 15 | തൃപ്തി കറി പൌഡർ, തണ്ണിത്തോട് |
| 16 | അക്ക ഡ്രസ്സ് ലാൻഡ് ആന്റ് ഹോം അപ്ലയൻസസ്, തണ്ണിത്തോട് |
| 17 | ഐവാൻ ഫുഡ് പ്രോഡക്ട്സ്, തണ്ണിത്തോട് |
| 18 | MKR ഫ്ലോർ മിൽ, കരിമാൻതോട് |
| 19 | പള്ളിയമ്പിൽ പൌൾട്ടി ഫാം, തണ്ണിത്തോട് |
| 20 | പ്രവാസി സെന്റർ, തണ്ണിത്തോട് |
| 21 | ജെ എ ഏജൻസീസ്, തണ്ണിത്തോട് |
| 22 | മുണ്ടകത്തിൽ റബ്ബേഴ്സ, മലഞ്ചരക്ക്, മണ്ണീറ |
| 23 | പൊതുവിതരണകേന്ദ്രം, എലിമുള്ളുംപ്ലാക്കൽ |
| 24 | ഫ്രണ്ട്സ് സൂപ്പർമാർക്കറ്റ്, തണ്ണിത്തോട് |
| 25 | ശ്രീദുർഗ്ഗ ലേഡീസ് സെന്റർ, തേക്കുതോട് |
| 26 | AGT എന്റർപ്രൈസസ്, തേക്കുതോട് |
| 27 | സുമീസ് ഫാൻസി |
| 28 | ശ്രേയ മെഡിക്കൽസ്, കരിമാൻതോട് |
| 29 | ഷാരോൺ, തണ്ണിത്തോട് |
| 30 | ആർ ആർ എസ് സ്റ്റോഴ്സ്, മേടപ്പാറ |
| 31 | കല്ലാർ ക്യാരിബാഗ്, തണ്ണിത്തോട് |
| 32 | ജീവൻ ഫുഡ്സ് ഔട്ടഡോർ കാറ്ററിംഗ് |
| 33 | സികെ ഹെൽത്ത് കെയർ ലാബ്, തണ്ണിത്തോട് |
| 34 | സികെ ഏജൻസീസ്, തണ്ണിത്തോട് |
| 35 | FACT വളംഡിപ്പോ, തണ്ണിത്തോട് |
| 36 | ആരോമൽ സ്റ്റോഴ്സ്, തണ്ണിത്തോട് |
| 37 | ചിത്തിര സ്റ്റോഴ്സ്, തണ്ണിത്തോട് |
| 38 | ഗ്രീൻ ടാഗ് ഡെയിലി വെയർ, തണ്ണിത്തോട് |
| 39 | ലൈഫ് ലൈൻ ഡയഗ്നോസ്റ്റിക്, കരിമാൻതോട് |
| 40 | കിച്ചൂസ് ലെതർ വേൾഡ്, തണ്ണിത്തോട് |
| 41 | KMA വെജിറ്റബിൾസ്, തണ്ണിത്തോട് |
| 42 | ചരിവുപുരയിടത്തിൽ ഏജൻസീസ്, തണ്ണിത്തോട് |
| 43 | ചരിവുപുരയിടത്തിൽ ചിക്കൻ സെന്റർ, തണ്ണിത്തോട് |
| 44 | ട്രസ്റ്റ് കൺസ്ട്രക്ഷൻസ്, എലിമുള്ളുംപ്ലാക്കൽ |
| 45 | യൂണിയൻ ടെക്സ്റ്റൈൽസ്, തണ്ണിത്തോട് |
| 46 | സോളറിസ് പവർ സിസ്റ്റംസ്, തണ്ണിത്തോട് |
| 47 | പ്രതിഭ പ്രസ്സ്, തണ്ണിത്തോട് |
| 48 | കെജെ സ്റ്റോഴ്സ്, തണ്ണിത്തോട് |
| 49 | ഹൈ റിച്ച് ഓൺലൈൻ ഷോപ്പീ, എലിമുള്ളുംപ്ലാക്കൽ |
| 50 | ഹലാൽ ചിക്കൻ സെന്റർ, തണ്ണിത്തോട് |
| 51 | തുമ്പി ഫാൻസി, തണ്ണിത്തോട് |
| 52 | അർച്ചന മെഡിക്കൽസ്, തണ്ണിത്തോട് |
| 53 | ഫിജി ഏജൻസീസ്, തേക്കുതോട് |
| 54 | കല്ലാർ സ്റ്റോഴ്സ്, തണ്ണിത്തോട് |
| 55 | അച്ചൻസ് മെഡിക്കൽസ്, തണ്ണിത്തോട് |
| 56 | സിറ്റി സൂപ്പർമാർക്കറ്റ്, തേക്കുതോട് |

| | |
|---|---|
| 57 | പ്രിയ ഫോട്ടോസ്റ്റാറ്റ്, കരിമാൻതോട് |
| 58 | വിപി അപ്പാരൽസ്, തേക്കുതോട് |
| 59 | അമ്മ ഏജൻസീസ് |
| 60 | കൊച്ചിൻ ബേക്കറി, തണ്ണിത്തോട് |
| 61 | ഗീത ഫാഷൻ ജ്വവലറി, തണ്ണിത്തോട് |
| 62 | പതാലിൽ സ്റ്റോഴ്സ, തേക്കുതോട് |
| 63 | ആദംസ് ഫ്രഷ് മീറ്റ്, തണ്ണിത്തോട് |
| 64 | ആദംസ് ഡ്രസ്സ് മേക്കേഴ്സ്, തണ്ണിത്തോട് |
| 65 | എലൈറ്റ് ബേക്കറി, തണ്ണിത്തോട് |
| 66 | ശങ്കരത്തിൽ സ്റ്റോഴ്സ്, തേക്കുതോട് |
| 67 | ളുക്കനാൽ സ്റ്റോഴ്സ്, തേക്കുതോട് |

ജീവനക്കാരെ ജോലിക്ക് നിയോഗിച്ചിരിക്കുന്ന സ്ഥാപനങ്ങളുടെ പേരുവിവരം പഞ്ചായത്തിലെ തൊഴിൽനികുതി ഡിമാൻഡ് രജിസ്റ്ററിൽ ഇല്ല. തൊഴിൽനികുതി ഈടാക്കാതിരിക്കുന്നതിന്റെ കാരണം അറിയുന്നതിനായി സെക്രട്ടറിക്ക് ഓഡിറ്റ് എൻക്വയറി (15/23.11.2022)നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

നിയമാനുസൃതം തൊഴിൽനികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായ മുഴുവൻ പേരിൽനിന്നും നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കേണ്ടതാണ്. ഈ വിഷയം ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

Ii.പൊലീസ് സ്റ്റേഷനിലെ ജീവനക്കാരുടെ തൊഴിൽനികുതി പൂർണ്ണമായി ഈടാക്കിയിട്ടില്ല

തണ്ണിത്തോട് പൊലീസ് സ്റ്റേഷനിലെ സിവിൽ പൊലീസ് ഓഫീസർ, വുമൺ സിവിൽ പൊലീസ് ഓഫീസർ, സീനിയർ സിവിൽ പൊലീസ് ഓഫീസർ എന്നീ റാങ്കുകളിലുള്ള ഇരുപത് ഉദ്യോഗസ്ഥരുടെ 2021-22രണ്ടാം അർദ്ധവർഷത്തെ തൊഴിൽനികുതി, ട്രഷറി മുഖേന അടച്ചിട്ടുള്ളതായി ജില്ലാ പൊലീസ് മേധാവി 15.03.2022ൽ No.F2-31006/2021/N കത്തുമുഖേന ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. കത്തിനൊപ്പം ജീവനക്കാരുടെ പേരുവിവരം, ഈടാക്കിയ നികുതി എന്നിവ പട്ടികയായി ഉൾപ്പെടുത്തിയിട്ടുണ്ട്. തൊഴിൽനികുതി രജിസ്റ്ററിൽ ഈ വിവരം ചേർത്തിട്ടുണ്ട്. എന്നാൽ എന്നാൽ സബ് ഇൻസ്പെക്ടർ ഓഫ് പൊലീസ്, സ്റ്റേഷൻ ഹൌസ് ഓഫീസറായ ഇൻസ്പെക്ടർ ഓഫ് പൊലീസ് എന്നീ വിഭാഗം ഉദ്യോഗസ്ഥരിൽനിന്ന് തൊഴിൽനികുതി ഈടാക്കിയതിന്റെ വിശദാംശം ടി പട്ടികയിലോ തൊഴിൽനികുതി രജിസ്റ്ററിലോ ഇല്ല. പ്രസ്തുത വിഭാഗം ജീവനക്കാരുടെ തൊഴിൽനികുതി പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ഓഡിറ്റിന് ലഭ്യമാക്കുന്നതിന് സെക്രട്ടറിക്ക് ഓഡിറ്റ് എൻക്വയറി (3/18.11.2022) നൽകി. തൊഴിൽനികുതി സംബന്ധിച്ച വിശദാംശത്തിനായി ജില്ലാ പൊലീസ് മേധാവിക്ക് കത്തയച്ചിട്ടുണ്ടെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി.

എല്ലാ ജീവനക്കാരുടെയും തൊഴിൽനികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-17 കെട്ടിടത്തിന്റെ ഉപയോഗക്രമം പരിഗണിക്കാതെ വസ്തുനികുതി നിർണ്ണയിച്ചു

തണ്ണിത്തോട് വില്ലേജിൽ സർവ്വേ നം. 234/5ൽ തണ്ണിത്തോട് സർവ്വീസ് സഹകരണസംഘം Q364ന്റെ പ്രസിഡന്റിന്റെ ഉടമസ്ഥതയിൽ, ഹോംസ്റ്റേ ആവശ്യത്തിനായി പണികഴിപ്പിച്ചിട്ടുള്ള 118.97 ച.മീറ്റർ വിസ്തൃതിയുള്ള കെട്ടിടത്തിന് നമ്പർ ലഭിക്കുന്നതിനായി 03.12.2021ൽ പഞ്ചായത്തിൽ അപേക്ഷ നൽകിയിട്ടുണ്ട്. ഹോംസ്റ്റേ ആവശ്യത്തിനായിട്ടാണ് കെട്ടിടം നിർമ്മിച്ചിട്ടുള്ളതെന്ന് സാങ്കേതിക വിഭാഗത്തിന്റെ അന്വേഷണ റിപ്പോർട്ടിലും പറഞ്ഞിട്ടുണ്ട്. എന്നാൽ പ്രസ്തുത കെട്ടിടത്തിന് പാർപ്പിടാവശ്യം എന്ന് രേഖപ്പെടുത്തി നികുതി നിർണ്ണയിക്കുകയും 436A എന്ന കെട്ടിട നമ്പർ നൽകുകയും ചെയ്തിട്ടുണ്ട്. ഹോംസ്റ്റേകൾക്ക് ബാധകമായ കുറഞ്ഞ നിരക്ക് ച.മീറ്ററിന് 30ഉം കൂടിയ നിരക്ക് 60 ഉം ആണ്. എന്നാൽ പാർപ്പിടാവശ്യം എന്ന ഇനത്തിന് ബാധകമായ 7രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. ഇപ്രകാരം കുറഞ്ഞ നികുതി നിർണ്ണയിച്ചതിന്റെ കാരണം അറിയുന്നതിനായി 23.11.2022ൽ സെക്രട്ടറിക്ക് ഓഡിറ്റ് എൻക്വയറി (നം.11) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

നികുതി നിർണ്ണയത്തിലെ അപാകത പരിഹരിക്കേണ്ടതും, കുടിശ്ശിക സഹിതം നികുതി ഈടാക്കേണ്ടതുമാണ്.

## 1-18 റേഷൻ റീട്ടെയിൽ ഷോപ്പുകൾ ലൈസൻസ് എടുത്തിട്ടില്ല

സംസ്ഥാന സാമ്പത്തിക സ്ഥിതിവിവര വകുപ്പ് പ്രസിദ്ധീകരിച്ച ജില്ലാതല റിപ്പോർട്ട് പ്രകാരം തണ്ണിത്തോട് ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ 9 റേഷൻ റീട്ടെയിൽ ഷോപ്പുകൾ പ്രവർത്തിച്ചുവരുന്നു. 1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 ന്റെ 1-ാം പട്ടികയിലെ ക്രമ നം.149 പ്രകാരം റേഷൻ റീട്ടെയിൽ ഡിപ്പോകളും ക്രമ നം.150 പ്രകാരം

മണ്ണെണ്ണ വില്പന ശാലകളും ഗ്രാമപ്പഞ്ചായത്തിൽനിന്ന് ലൈസൻസ് എടുക്കേണ്ടതാണ്.

2021-22 സാമ്പത്തികവർഷത്തെ ലൈസൻസ് വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ രണ്ട് റേഷൻ റീട്ടെയിൽ ഷോപ്പുകൾ മാത്രം ലൈസൻസ് എടുത്തിട്ടുള്ളതായി കണ്ടു. മറ്റ് സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെയാണ് പ്രവർത്തിച്ചിട്ടുള്ളത്. ഏഴ് റീട്ടെയിൽ ഷോപ്പുകൾ ലൈസൻസ് എടുക്കാതിരുന്നതിന്റെ കാരണം ലഭ്യമാക്കുന്നതിനായി സെക്രട്ടറിക്ക് ഓഡിറ്റ് എൻക്വയറി (4/18.11.2022) നൽകി. ഏഴു സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയതായി സെക്രട്ടറി മറുപടി ലഭ്യമാക്കി.

എല്ലാ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിനും, കൂടാതെ, പ്രസ്തുത സ്ഥാപന ഉടമകളുടെയും അവയിലെ ജീവനക്കാരുടെയും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-19 പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കുന്നില്ല

ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കുവരുത്തുന്നില്ല.ഓഡിറ്റ് വർഷം 2021 ഏപ്രിൽമാസത്തെ പെൻഷൻ വിഹിതം മാത്രമേ ഒടുക്കുവരുത്തിയിട്ടുള്ളൂ. തൻ വർഷത്തെ 670652 രൂപ പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കാനുള്ളതായി വാർഷികകണക്കുകൾ വ്യക്തമാക്കുന്നു. ഫണ്ടില്ലാത്തതിനാലാണ് പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കുവാൻ സാധിക്കാത്തതെന്നാണ് അധികൃതരിൽ നിന്നും ലഭിച്ച വിശദീകരണം. ഫണ്ട് ലഭ്യമാകുന്നമുറക്ക് പെൻഷൻ കോൺട്രിബ്യൂഷൻ തുക ഒടുക്കുവരുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 ജനകീയ ഹോട്ടൽ പദ്ധതി നടത്തിപ്പ്- നടപടിക്രമങ്ങളിൽ വീഴ്ച

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22സാമ്പത്തിക വർഷം വിശപ്പ് രഹിത കേരളം- ജനകീയ ഹോട്ടൽ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കും പ്രകാരം വികസന ഫണ്ട് ചെലവഴിക്കുകയുണ്ടായി.

| ക്രമ നം. | ചെലവഴിച്ച തുക | ബിൽ നം./തീയതി | ചെലവിന്റെ വിശദാംശങ്ങൾ |
|---|---|---|---|
| 1 | 50,000 | 21051052013800606664/ 05-11-2021 | മേശ, കസേര, ഫാൻ, വാട്ടർ ടാങ്ക്, വാഷ് ബേസിൻ മുതലായവ വാങ്ങിയതും ഫിറ്റിംഗ് ചാർജ്ജും. |
| 2 | 3,250 | 21051052013800606655/ 05-11-2021 | ജനകീയ ഹോട്ടൽ തുടങ്ങുന്നതിനായി ഓഫീസും ഹോട്ടൽ പരിസരവും വൃത്തിയാക്കിയതിന് കൂലി നൽകിയത്. |
| 3 | 39,512 | 21051052013801391105/ 21-03-2022 | ട്രസ്സ് വർക്ക്, ടൈൽ ഇടീൽ കൂടാതെ മറ്റ് മരാമത്ത് പ്രവൃത്തികളും. |
| ആകെ | 92,762 | | |

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും 2020-21 സാമ്പത്തിക വർഷം ജനകീയ ഹോട്ടലിന്റെ പ്രവർത്തനം ആരംഭിക്കേണ്ടതാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 06-03-2020-ലെ സ.ഉ(കൈ) 45/2020 ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. തണ്ണിത്തോട് ഗ്രാമപഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷമാണ് ജനകീയ ഹോട്ടലിന്റെ പ്രവർത്തനം ആരംഭിക്കുന്നത്. പഞ്ചായത്ത് കമ്മിറ്റിയുടെ 22-07-2021-ലെ 1-ാം നമ്പർ തീരുമാനം പ്രകാരം പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിന്റെ ഒരു മുറിയിൽ ജനകീയ ഹോട്ടൽ ആരംഭിക്കുന്നതിന് തീരുമാനമെടുത്തു. ഇതിനായി 07-09-2021-ൽ ഒരു ഗുണഭോക്തൃ സമിതി രൂപീകരിക്കുകയും ചെയ്തു. ഹോട്ടൽ നടത്തിപ്പിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് കൺവീനറായി ശ്രീ. ബിന്ദു കെ.എ. യെ തിരഞ്ഞെടുത്തു.

പദ്ധതിക്കായി മുകളിൽ സൂചിപ്പിച്ച പ്രകാരം തുക ചെലവഴിക്കുകയുണ്ടായി. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് നടത്തിയ വാങ്ങലുകളിലും മരാമത്ത് പ്രവൃത്തികളിലും നടപടിക്രമങ്ങളിൽ വീഴ്ചകൾ സംഭവിച്ചതായി ഓഡിറ്റിന് ബോധ്യപ്പെട്ടു.

1. വിവിധ തടി/സ്റ്റീൽ/ പ്ലാസ്റ്റിക് ഉപകരണങ്ങൾ, ഫർണ്ണീച്ചറുകൾ, വിവിധ സാനിട്ടറി, ഇലക്ട്രിക് ഉപകരണങ്ങൾ (വാഷ് ബേസിൻ, വാട്ടർ ടാങ്ക്, ഫ്ലഷ്, സിങ്ക്, ഇലക്ട്രിക് ഫാൻ) എന്നിവയെല്ലാം ക്വട്ടേഷൻ ക്ഷണിച്ച് ഒരു സ്ഥാപനത്തിൽ നിന്നാണ് വാങ്ങിയിട്ടുള്ളത് (പാലത്ര ഫർണീച്ചർ, തണ്ണിത്തോട്). ഇവയിൽ പലതും മരാമത്ത് പ്രവൃത്തിയിൽ ഉൾപ്പെടുത്തി ചെയ്യേണ്ട ഇനങ്ങളായിരുന്നു. സപ്ലൈ ചെയ്ത തടി മേശകൾ നിലവാരം കുറഞ്ഞതാണെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

2. സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിനായി ക്വട്ടേഷൻ നൽകിയ മൂന്ന് സ്ഥാപനങ്ങൾ നിർമ്മാണ പ്രവൃത്തികൾ ചെയ്യുന്ന

സ്ഥാപനമായിരുന്നു (അനീഷ് കൺസ്ട്രക്ഷൻസ്, കോന്നി, അരുൺ കൺസ്ട്രക്ഷൻസ്, തണ്ണിത്തോട്, പാലത്ര കൺസ്ട്രക്ഷൻസ്, തണ്ണിത്തോട് എന്നിവ).

3. ജനകീയ ഹോട്ടൽ ആരംഭിക്കുന്നതിന് മുന്നോടിയായി കെട്ടിടത്തിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ട്രസ്സ് വർക്ക്, ടൈൽ ഇടീൽ, ഡ്രെയിനേജ് മറ്റ് മരാമത്ത് സംബന്ധിയായ പ്രവൃത്തികളും നടപ്പാക്കുകയുണ്ടായി.

4. കെട്ടിടത്തിൽ മരാമത്ത് പ്രവൃത്തികൾ ചെയ്യുന്നതിനായി എൽ.എസ്.ജി.ഡി. വിഭാഗത്തിനെകൊണ്ട് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല. എസ്റ്റിമേറ്റ് കം വാല്യുവേഷൻ രേഖയാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. പ്രവൃത്തി ചെയ്തതിന്റെ വിവരങ്ങൾ മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തുകയോ, സാങ്കേതിക വിഭാഗത്തിൽ നിന്ന് മേൽനോട്ടമോ പരിശോധനയോ ഉണ്ടായിട്ടില്ലെന്ന് രേഖകളിൽ നിന്നും വ്യക്തമാണ്. നടപടിക്രമങ്ങളിലുണ്ടായ വീഴ്ച ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 05/11-11-2022), ലഭ്യമാക്കിയ മറുപടിയിൽ, അടിയന്തിരമായി ഹോട്ടലിന്റെ പ്രവർത്തനം തുടങ്ങേണ്ട സാഹചര്യത്തിലാണ് പ്രാദേശികമായി ക്വട്ടേഷൻ ക്ഷണിച്ച് ഫർണീച്ചറുകളും സാനിട്ടറി ഉപകരണങ്ങളും വാങ്ങിയതെന്നും, അസിസ്റ്റന്റ് എഞ്ചിനീയർ പ്രവൃത്തി ഏറ്റെടുക്കുന്നതിന് വിസമ്മതിച്ചതിനാലാണ് നിർമ്മാണ പ്രവൃത്തികൾ അസിസ്റ്റന്റ് സെക്രട്ടറിക്ക് നിർവ്വഹിക്കേണ്ടി വന്നതെന്നും വ്യക്തമാക്കിയിരിക്കുന്നു. നടപടിക്രമങ്ങളിലുണ്ടായ വീഴ്ച പരിശോധിക്കേണ്ടതും ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-21 ഫാമിലി ഹെൽത്ത് സെന്ററിലേക്ക് മരുന്നും ഉപകരണങ്ങളും ലഭ്യമാകുവാൻ അവശേഷിക്കുന്നു

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ വിവിധ പദ്ധതികളുടെ ഭാഗമായി ഫാമിലി ഹെൽത്ത് സെന്ററിലേക്ക് മരുന്ന്, മെഡിക്കൽ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ പ്രൊഫോർമ ഇൻവോയിസുകൾ പ്രകാരം വിവിധ തുകകൾ മുൻകൂറായി നൽകിയിരുന്നു. എന്നാൽ 2022 നവംബർ മാസം വരെയും മരുന്നും ഉപകരണങ്ങളും പൂർണ്ണമായി ലഭ്യമായിട്ടില്ല. 3,26,377 രൂപയുടെ മരുന്നും ഉപകരണങ്ങളും ലഭിക്കുവാൻ അവശേഷിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് | മുൻകൂർ നൽകിയ തുക | മരുന്ന് ലഭ്യമായതിന്റെ വിവരം | ലഭിക്കുവാൻ അവശേഷിക്കുന്നത് |
|---|---|---|---|---|
| 1 | കൊറോണ മരുന്നും ഉപകരണങ്ങളും വാങ്ങൽ, പ്രോജക്ട് നം. 181/22 | 1,45,198 (ഉപകരണങ്ങൾ) | 29,971 | 1,15,227 |
| 2 | കൊറോണ മരുന്നും ഉപകരണങ്ങളും വാങ്ങൽ, പ്രോജക്ട് നം. 181/22 | 1,00,000 (മരുന്ന്) | 45,155 | 54,845 |
| 3 | ഫാമിലി ഹെൽത്ത് സെന്ററിലേക്ക് മരുന്ന് വാങ്ങൽ, പ്രോജക്ട് നം. 105/22 | 5,00,000 (മരുന്ന്) | 3,91,988 | 1,08,012 |
| 4 | പാലിയേറ്റീവ് കെയർ പദ്ധതി, പ്രോജക്ട് നം. 104/22 | 2,13,380 (മരുന്ന്) | 1,65,087 | 48,293 |
| | ആകെ | 9,58,578 | 6,32,201 | 3,26,377 |

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മുഖേന മരുന്ന് ലഭ്യമാകാത്ത സാഹചര്യങ്ങളിലാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന മരുന്ന് വാങ്ങുന്നതിന് അനുമതി നൽകിയിട്ടുള്ളത്. ആയതിനാൽ ജീവൻ രക്ഷാ മരുന്നുകൾ നിർദ്ധനരായ രോഗികൾക്ക് മുടക്കം കൂടാതെ ലഭ്യമാക്കുന്നതിനായി മരുന്നിന്റെ ലഭ്യത നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്. കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്ന് ലഭിക്കുവാൻ അവശേഷിക്കുന്ന മരുന്നും ഉപകരണങ്ങളും ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്

## 1-22 കാലിത്തൊഴുത്ത് നവീകരണം-മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കുന്നില്ല

കാലിത്തൊഴുത്ത് നവീകരണ പദ്ധതി ഏറ്റെടുക്കുമ്പോൾ, കാലിത്തൊഴുത്തിലെ ചാണകവും ഗോമൂത്രവും സുരക്ഷിതമായി സംസ്കരിക്കുവാൻ നിലവിൽ സംവിധാനമില്ലാത്ത കർഷകർക്ക് മുൻഗണന നൽകണമെന്നും വീടും പരിസരവും ശുചിത്വമുള്ള ഹരിത ഭവനമായി സൂക്ഷിക്കുന്നതിന് ചാണകം മഴ നനയാതെ സൂക്ഷിക്കുവാൻ കഴിയുന്ന വളക്കുഴി, തൊഴുത്തിൽ നിന്ന് വീഴുന്ന ഗോമൂത്രം ശേഖരിക്കുന്നതിനുള്ള സിമന്റ് തൊട്ടി എന്നിവ നിർമ്മിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കിയ പദ്ധതിയുടെ (പ്രോജക്റ്റ് നം. 114/22) ഭാഗമായി ക്ഷീരകർഷകർക്ക് കാലിത്തൊഴുത്ത് നവീകരണത്തിന് ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും നവീകരണത്തിന്റെ ഭാഗമായി കർഷകർ വളക്കുഴി, ഗോമൂത്രം ശേഖരിക്കുന്നതിനുള്ള സിമന്റ് തൊട്ടി എന്നിവ നിർമ്മിക്കുകയോ നിലവിലുള്ളവ നവീകരിക്കുകയോ ചെയ്തിട്ടില്ല. നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഫയലിൽ സൂക്ഷിച്ചിട്ടുള്ള ഫോട്ടോ, വാല്യുവേഷൻ സർട്ടിഫിക്കേറ്റ് എന്നിവ പരിശോധിച്ചതിൽ കാലിത്തൊഴുത്ത് നവീകരണത്തിന്റെ ഭാഗമായ ടി അവശ്യ ഘടകങ്ങൾ നിർമ്മിച്ചിട്ടില്ലെന്ന് വ്യക്തമാണ്. ശുചിത്വത്തിനും മാലിന്യ സംസ്കരണത്തിനും പ്രാധാന്യം നല്കിക്കൊണ്ട് സബ്സിഡി മാർഗ്ഗരേഖയിൽ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിക്കാത്തവർക്ക് ധനസഹായം അനുവദിച്ച് നല്കുന്നത് തെറ്റായ നടപടിയാണ്. അപാകത ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-23 കന്നുകുട്ടി പരിപാലനം - പദ്ധതിയിൽ നിന്ന് പുറത്തായവർക്ക് വേണ്ടി ഒടുക്കിയ സബ്സിഡിത്തുക തിരികെ ഈടാക്കണം

കന്നുകുട്ടി പരിപാലന പദ്ധതിയിൽ എൻറോൾ ചെയ്യുന്ന നാല് മുതൽ ആറ് മാസം വരെ പ്രായമുള്ള കന്നുകുട്ടികൾക്ക് 32 മാസം വരെ ഇൻഷ്വറൻസും കാലിത്തീറ്റയും ഏർപ്പെടുത്തുന്നതിനാണ് പദ്ധതി പ്രകാരം തുക വകയിരുത്തിയിട്ടുള്ളത്. ഒരു യൂണിറ്റിന് ആകെ ചെലവാകുന്ന 25,000 രൂപയിൽ 6250 രൂപ പദ്ധതിവിഹിതം, 6250 രൂപ സംസ്ഥാന വിഹിതം, 12,500 രൂപ ഗുണഭോക്തൃവിഹിതം (നേരിട്ട് ചെലവഴിക്കുന്നത്) എന്നിങ്ങനെയാണ് വകയിരുത്തേണ്ടത്.

2021-22 സാമ്പത്തിക വർഷം രൂപീകരിച്ചിട്ടുള്ള പദ്ധതിയിൽ 108 ഗുണഭോക്താക്കളുടെ കന്നുകുട്ടികളെ എൻറോൾ ചെയ്തിട്ടുണ്ട്. സംസ്ഥാന വിഹിതം ലഭ്യമല്ലാത്തതിനാൽ ആയതുകൂടി ചേർത്ത് 12,500 രൂപയാണ് പദ്ധതി വിഹിതമായി ഒടുക്കിയിട്ടുള്ളത്. പദ്ധതിയുടെ ആകെ ചെലവ് തുക 13,25,000 രൂപ (ബിൽ നം. 15/18.03.22) ഐ.സി.ഡി.പി. പ്രോജക്റ്റ് ഓഫീസറുടെ പേർക്ക് ഒടുക്കുവരുത്തിയിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണം സംബന്ധിച്ച മാർഗ്ഗനിർദ്ദേശം അനുസരിച്ച് മൂന്ന് മാസം തുടർച്ചയായി കാലിത്തീറ്റ കൈപ്പറ്റാത്ത ഗുണഭോക്താക്കൾ പദ്ധതിയിൽ നിന്ന് പുറത്താകുന്നതാണ്. ഇത്തരത്തിൽ പദ്ധതിയിൽ നിന്ന് പുറത്തായ 7 ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ആകെ സബ്സിഡി ഒടുക്കിയത് | കാലിത്തീറ്റയ്ക്ക് സബ്സിഡി അനുവദിച്ചത് | ബാലൻസ് തുക |
|---|---|---|---|---|
| 1 | ചന്ദ്രവതിയമ്മ<br>കൃഷ്ണമന്ദിരം, തണ്ണിത്തോട്<br>(07/22 വരെ കാലിത്തീറ്റ കൈപ്പറ്റി) | 12500 | 1356 | 11144 |
| 2 | കുഞ്ഞമ്മ<br>മറ്റപ്പള്ളിൽ, തണ്ണിത്തോട്<br>(07/22 വരെ കാലിത്തീറ്റ കൈപ്പറ്റി) | 12500 | 2034 | 10466 |
| 3 | ഗിരിജ ചന്ദ്രൻ<br>വിനോദ് വിലാസം, തണ്ണിത്തോട്<br>(06/22 വരെ കാലിത്തീറ്റ കൈപ്പറ്റി) | 12500 | 1356 | 11144 |
| 4 | ശാന്തമ്മ | 12500 | 1356 | 11144 |

| | | | | |
|---|---|---|---|---|
| | സുഭദ്രാലയം, മണ്ണീറ (07/22 വരെ കാലിത്തീറ്റ കൈപ്പറ്റി) | | | |
| 5 | സാറാമ്മ മാത്യൂ വെള്ളശ്ശേരിൽ, മണ്ണീറ (07/22 വരെ കാലിത്തീറ്റ കൈപ്പറ്റി) | 12500 | 678 | 11822 |
| 6 | ഗീത കുറ്റിയിൽ, തേക്കുതോട് (07/22 വരെ കാലിത്തീറ്റ കൈപ്പറ്റി) | 12500 | 2034 | 10466 |
| 7 | ഗീത കുറ്റിയിൽ, തേക്കുതോട് (07/22 വരെ കാലിത്തീറ്റ കൈപ്പറ്റി) | 12500 | 2034 | 10466 |

ടി ഗുണഭോക്താക്കൾ തുടർച്ചയായ 3 മാസങ്ങളിൽ കാലിത്തീറ്റ കൈപ്പറ്റാത്തതിനാൽ പദ്ധതിയിൽ നിന്ന് പുറത്തായിട്ടുണ്ട്. ടി ഗുണഭോക്താക്കൾക്ക് വേണ്ടി ഒടുക്കിയിട്ടുള്ള തുകയിൽ, കാലിത്തീറ്റ വാങ്ങിയ ഇനത്തിൽ ഈടാക്കിയ തുക കിഴിച്ച് അവശേഷിക്കുന്ന തുക പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് ഐ.സി.ഡി.പി. പ്രോജക്ട് ഓഫീസറുടെ അക്കൗണ്ടിൽ നിന്ന് തിരികെ ഈടാക്കി, കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ ഒടുക്കേണ്ടതാണ്. പദ്ധതി പുരോഗമിക്കുന്നതിന് അനുസരിച്ച് കൂടുതൽ ഗുണഭോക്താക്കൾ പദ്ധതിയിൽ നിന്ന് പുറത്താകുന്നുണ്ടെങ്കിൽ ആയതിനനുസരിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-24 കാർഷിക കർമ്മസേനയ്ക്ക് കാട് വെട്ട് യന്ത്രം-കരാറിൽ ഏർപ്പെട്ടിട്ടില്ല

കാർഷിക കർമ്മസേനയ്ക്ക് കാട് വെട്ട് യന്ത്രം വാങ്ങി നല്കുന്നതിനായി കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയുടെ (പ്രോജക്ട് നം. 54/22) ഭാഗമായി KAICO-യിൽ നിന്ന് 2 ബ്രഷ് കട്ടറുകൾ വികസനഫണ്ടിൽ നിന്ന് 30,000 രൂപ (ബിൽ നം. 02/11.02.2022) ചെലവഴിച്ച് വാങ്ങുകയും കൃഷി വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന കാർഷിക കർമ്മസേനയ്ക്ക് കൈമാറുകയും ചെയ്തിട്ടുണ്ടെങ്കിലും കാർഷിക കർമ്മസേനയും കൃഷി ഓഫീസറും തമ്മിൽ കരാറിൽ ഏർപ്പെട്ടിട്ടില്ല. വിതരണം ചെയ്തിട്ടുള്ള യന്ത്രങ്ങളുടെ ഉടമസ്ഥത കൃഷി ഓഫീസറിൽ നിക്ഷിപ്തമാണ്. ആയതിനാൽ യന്ത്രങ്ങൾ ശരിയായി സംരക്ഷിക്കുമെന്നും പൊതു കാർഷിക ആവശ്യത്തിന് മാത്രമേ ഉപയോഗിക്കുവെന്നും സ്വകാര്യവ്യക്തികൾ ഈടാക്കുന്നതിനേക്കാൾ കുറഞ്ഞത് 20% കുറഞ്ഞ വാടകനിരക്കിൽ കർഷകർക്ക് ലഭ്യമാക്കാം എന്നും കാർഷിക കർമ്മസേനയുമായി നിർവ്വഹണ ഉദ്യോഗസ്ഥൻ കരാർ ഉടമ്പടിയിൽ ഏർപ്പെടേണ്ടതായിരുന്നു. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. കാർഷിക കർമ്മസേനയും കൃഷി ഓഫീസറും തമ്മിൽ നിയമാനുസരണം കരാറിൽ ഏർപ്പെടേണ്ടതാണ്.

## 1-25 പച്ചക്കറിക്കൃഷി വികസനം-സബ്സിഡി ഇനത്തിൽ 22750 രൂപ ചെലവഴിച്ചതിന് രേഖകളില്ല

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പച്ചക്കറിക്കൃഷി വികസന പദ്ധതിയുടെ ഭാഗമായി വികസനഫണ്ട് ഇനത്തിൽ 2,25,000 രൂപയും ബ്ലോക്ക് വിഹിതം ഇനത്തിൽ 3,00,000 രൂപയും ഗുണഭോക്തൃവിഹിതം ഇനത്തിൽ 85,750 രൂപയും ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ബ്ലോക്ക് വിഹിതം ഇനത്തിലുള്ള 3,00,000 രൂപയുടെ ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ആകെ ചെലവ് | ബ്ലോക്ക് വിഹിതം അനുവദിക്കേണ്ടത് | ഗുണഭോക്തൃ വിഹിതം അനുവദിക്കേണ്ടത് |
|---|---|---|---|
| ജൈവവളം | 343000 | 257250 (75%) | 85750 (25%) |
| പച്ചക്കറി വിത്ത് | 20000 | 20000 (100%) | -- |
| ആകെ ചെലവ് | 363000 | 277250 | 85750 |

KAICO-യിൽ നിന്ന് ജൈവവളം, പച്ചക്കറി വിത്ത് എന്നിവ വാങ്ങിയതിനാണ് ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഇനത്തിൽ 3,00,000 രൂപ നൽകിയിട്ടുള്ളത്. ജൈവവളത്തിന് 75% സബ്സിഡിയും പച്ചക്കറി വിത്തിന് 100% സബ്സിഡിയുമാണ് അനുവദിക്കേണ്ടത്. ഇതനുസരിച്ച് ബ്ലോക്ക് വിഹിതം ഇനത്തിൽ ആകെ ചെലവഴിക്കേണ്ട തുക 2,77,250 രൂപയാണ്. എന്നാൽ ഈയിനത്തിൽ 3,00,000 രൂപ ആകെ ചെലവഴിച്ചിട്ടുണ്ട്. 22,750 രൂപ അധികമായി ചെലവഴിച്ചതിന് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം. 16/24.11.2022) നൽകിയെങ്കിലും മറുപടിയോ 22,750 രൂപയുടെ ചെലവിന് ആധാരമായ രേഖകളോ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ചെലവ് രേഖകൾ സഹിതം മറുപടി ലഭ്യമാക്കാത്ത പക്ഷം തുക നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസറിൽ നിന്ന് ഈടാക്കുന്നതിന് തുടർനടപടി സ്വീകരിക്കുന്നതാണ്.

## 1-26 തേനീച്ച വളർത്തൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി തേനീച്ച വളർത്തൽ പദ്ധതിയ്ക്കായി (പ്രോജക്റ്റ് നം. 51/22) വികസനഫണ്ടിൽ നിന്ന് 50,000 രൂപ (ബിൽ നം. 13/24.03.22) ചെലവഴിച്ചിട്ടുണ്ട്. 10 ഗുണഭോക്താക്കൾക്കാണ് തുക നൽകിയിട്ടുള്ളത്. കർഷകർ സ്വന്തം നിലയിൽ തേനീച്ചയും കൂട്ടും വാങ്ങി ആയതിന്റെ ബില്ല് സമർപ്പിച്ചതിനനുസരിച്ച് സബ്സിഡി അനുവദിച്ച് നൽകുകയാണ് ചെയ്തിട്ടുള്ളത്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഒരുസെറ്റ് തേനീച്ചയും കൂട്ടും നൽകുന്നതിന് 60% തുകയാണ് വികസനഫണ്ടിൽ നിന്ന് സബ്സിഡിയായി അനുവദിക്കാവുന്നത്. ഒരു സെറ്റ് തേനീച്ചയും കൂട്ടും അനുബന്ധ സാധനങ്ങളും ഉൾപ്പെടുന്ന യൂണിറ്റിന്റെ വില ജില്ലാ തലത്തിൽ നിശ്ചയിക്കേണ്ടതാണെന്നും (സബ്സിഡി മാർഗ്ഗരേഖ ഇനം 3.1) ഇത്തരത്തിൽ 2 സെറ്റ് തേനീച്ചയും കൂട്ടും വാങ്ങുന്നതിന് വരെ ഒരു കർഷകന് സബ്സിഡി അനുവദിക്കാവുന്നതാണെന്നും സബ്സിഡി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. ഒരു സെറ്റ് തേനീച്ചയും കൂട്ടും അനുബന്ധ സാധനങ്ങളും ഉൾപ്പെടുന്ന യൂണിറ്റിന്റെ വില ജില്ലാ തലത്തിൽ നിശ്ചയിച്ച് നൽകിയിട്ടില്ല. വിൽപ്പന നടത്തിയ സ്ഥാപനം ഈടാക്കിയ വിലയുടെ 60% തുക കണക്കാക്കി സബ്സിഡി അനുവദിച്ച് നൽകി. യൂണിറ്റ് കോസ്റ്റ് ജില്ലാ അടിസ്ഥാനത്തിൽ നിശ്ചയിക്കുവാൻ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ഇനങ്ങൾക്ക് സബ്സിഡി അനുവദിക്കുമ്പോൾ, ജില്ലാ അടിസ്ഥാനത്തിൽ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ മാത്രം സബ്സിഡി കണക്കാക്കി ആനുകൂല്യം നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്. ആയതിന്റെ അഭാവത്തിൽ സ്ഥാപനം ഈടാക്കുന്ന യൂണിറ്റ് നിരക്കിനെ അടിസ്ഥാനമാക്കി ഉയർന്ന നിരക്കിൽ സബ്സിഡി അനുവദിച്ച നൽകുന്ന സാഹചര്യം ഉണ്ടാകുന്നു.

2. 2 സെറ്റ് തേനീച്ചയും കൂട്ടും വാങ്ങുന്നതിന് വരെ ഒരു കർഷകന് സബ്സിഡി അനുവദിക്കാവുന്നതാണ്. എന്നാൽ 3 മുതൽ 10 സെറ്റ് വരെ തേനീച്ചയും കൂട്ടും വാങ്ങിയ കർഷകർക്ക് വരെ ആകെ ചെലവഴിച്ച തുകയുടെ 60% കണക്കാക്കി സബ്സിഡി അനുവദിച്ച് നല്കി. ആയതിനാൽ കർഷകർക്ക് അർഹമായതിലും കൂടുതൽ തുക സബ്സിഡിയായി അനുവദിച്ചു. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പദ്ധതി നടപ്പിലാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-27 മരാമത്ത് പ്രവൃത്തികൾ പൂർത്തിയാക്കുന്നതിൽ അകാരണമായ കാലതാമസം നേരിടുന്നു

മരാമത്ത് പ്രവൃത്തികൾ പൂർത്തിയാക്കുന്നതിൽ അകാരണമായ കാലതാമസം നേരിടുന്നു. ഒരേ പ്രവൃത്തിതന്നെ വർഷങ്ങളോളം 'സ്പിൽ ഓവർ' ആയി തുടർന്നു പോരുന്ന സ്ഥിതിയാണുള്ളത്. തന്മൂലം അതത് വർഷത്തെ പദ്ധതി പ്രവർത്തനത്തിന് തുക കണ്ടെത്താനാകാത്ത സാഹചര്യം സംജാതമാകുന്നു. 2021-22 സാമ്പത്തിക വർഷം 63 മരാമത്ത് പ്രവൃത്തികൾ വിഭാവനം ചെയ്തതിൽ 23 എണ്ണവും മുൻ വർഷങ്ങളിൽ ആരംഭിച്ച് 'സ്പിൽ ഓവർ' ആയ പദ്ധതികളായിരുന്നു. അതിൽതന്നെ എതാനും പ്രവൃത്തികൾ 2018-19 ന് മുമ്പ് ആരംഭിച്ച പ്രവൃത്തികളായിരുന്നു. 'സ്പിൽ ഓവർ' പദ്ധതികൾക്ക് തൻവർഷത്തെ ഫണ്ടിൽ നിന്നും ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | തുക |
|---|---|
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 637916 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 1905916 |
| വികസനഫണ്ട്-ജനറൽ | 212624 |
| ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 1083330 |
| ആകെ | 3839786 |

വിവിധ കാരണങ്ങളാലാണ് പദ്ധതി പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിട്ടുള്ളത്. ടെണ്ടർ/റീടെണ്ടർ നടത്തിയിട്ടും കരാറുകാർ ആരും പദ്ധതി എറ്റെടുക്കാതിരിക്കുക, കുറഞ്ഞ അടങ്കലിലുള്ള പദ്ധതി ഏറ്റെടുക്കുന്നതിന് വിമുഖത കാണിക്കുക, കെട്ടിട നിർമ്മാണം പോലുള്ള പദ്ധതികൾ കരാറുകാർ ഏറ്റെടുത്തിട്ട് വൈകിപ്പിക്കുകയോ ഉപേക്ഷിക്കുകയോ ചെയ്യുക എന്നിങ്ങനെയുള്ള കാരണങ്ങളാണ് അധികൃതർക്ക് പറയാനുള്ളത്. എന്നാൽ ആയത് സംബന്ധിച്ച രേഖകൾ

ഹാജരാക്കിയിട്ടില്ല. അതത് വർഷം ആരംഭിക്കുന്ന പ്രോജക്ടുകൾ അതത് വർഷം തന്നെ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

## 1-28 ആയുർവേദ ആശുപത്രി- നവീകരണം ഇല്ലാതെ നശിക്കുന്നു

2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ ആയുർവേദ ആശുപത്രിക്ക് അടുക്കള, സ്റ്റോർമുറി എന്നിവ നിർമ്മിക്കുന്നതിനായി 3,37,358 രൂപ ചെലവഴിക്കുകയുണ്ടായി. ആശുപത്രിയുടെ അടിസ്ഥാന സൗകര്യങ്ങൾ വിലയിരുത്തുവാൻ ഓഡിറ്റ് ടീം സ്ഥാപനം സന്ദർശിക്കുകയുണ്ടായി. 2015-ൽ നവീകരിച്ച കെട്ടിടം ശരിയായ രീതിയിൽ സംരക്ഷിക്കാതിരുന്നതുമൂലം ഉപയോഗ യോഗ്യമല്ലാതായിരിക്കുകയാണെന്ന് സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടു. കെട്ടിടത്തിന്റെ ശോച്യാവസ്ഥ കാരണം, സമീപത്ത് നിർമ്മിച്ചിട്ടുള്ള പകൽ വീട്ടിലാണ് ആയുർവേദ ആശുപത്രി നിലവിൽ പ്രവർത്തിച്ചുവരുന്നത്. കെട്ടിടത്തിന്റെ മുകളിൽ മഴവെള്ളം കെട്ടിക്കിടന്ന് മുറിയിലേക്ക് ചോർന്ന് ഇറങ്ങി കെട്ടിടത്തിന്റെ ഭിത്തി, അലമാര, റാക്കുകൾ, വാതിൽ, ജനൽ എല്ലാം നശിച്ച് പോയിരിക്കുന്നു.

മേൽ കാരണങ്ങളാൽ പ്രസ്തുത കെട്ടിടത്തിനോട് ചേർന്ന് പുതുതായി നിർമ്മിച്ചിട്ടുള്ള അടുക്കളയും സ്റ്റോർറും പോലും ഉപയോഗിക്കാൻ പറ്റാതായിരിക്കുകയാണ്. ഓഡിറ്റ് നടത്തിയ ഭൗതികപരിശോധനയിൽ ആശുപത്രിയിലെ ഫർണ്ണീച്ചറുകൾ, അലമാരകൾ, മരുന്ന് സൂക്ഷിക്കുന്നതിനുള്ള റാക്ക്, മേശ, കസേര എല്ലാം നശിച്ചുപോയിരിക്കുന്നതായി ബോധ്യപ്പെട്ടു. മഴപെയ്ത് ചോർച്ച കാരണം ജീവനക്കാർക്ക് ഓഫീസിൽ ഇരുന്ന് ജോലി ചെയ്യാൻ പറ്റാത്ത സാഹചര്യമാണുള്ളത്. ആശുപത്രിയുടെ ശോചനീയാവസ്ഥ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 13/23-11-2022), നവീകരണം അടിയന്തിര പ്രാധാന്യത്തോടുകൂടി നടപ്പാക്കുമെന്നും പ്രവൃത്തികൾക്കായി 2022-23 വർഷം 7 ലക്ഷം രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്നും അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കി.

ആയുർവേദ ആശുപത്രിയുടെ സംരക്ഷണത്തിന് ഗ്രാമപഞ്ചായത്ത് അടിയന്തിര പ്രാധാന്യം നൽകേണ്ടതും ക്രിയാത്മക നടപടികൾ ഉണ്ടാകേണ്ടതുമാണ്.





## 1-29 സംയുക്ത പദ്ധതികൾക്ക് ലഭിക്കുന്ന ഫണ്ടുകൾ പാഴാകുന്നു

സംയുക്ത പദ്ധതികളുടെ നിർവഹണത്തിനായി ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് ലഭിച്ച തുകയിൽ 47,20,051 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നതായി വാർഷിക ധനകാര്യപത്രിക വെളിപ്പെടുത്തുന്നു. 2016-17 വർഷം മുതൽ ലഭിച്ച തുകകൾ ഇപ്രകാരം ചെലവഴിക്കാതെ കിടക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| പദ്ധതി | വർഷം | തുക | തുക നൽകിയ സ്ഥാപനം |
|---|---|---|---|
| മാലിന്യ സംസ്കരണവും പ്ലാസ്റ്റിക് നിർമ്മാർജ്ജനവും | 2016-17 | 10,00,000 | ജില്ലാ പഞ്ചായത്ത് |
| അനുപൂരക പോഷകാഹാര പദ്ധതി | 2018-19 | 94,296 | ,, |
| ലൈഫ് ഭവന പദ്ധതി- ജനറൽ | ,, | 8,58,849 | ,, |
| ലൈഫ് ഭവന പദ്ധതി- എസ്.സി.പി. | ,, | 2,05,317 | ,, |
| പദ്ധതി വിവരം ലഭ്യമല്ല | 2016-17 | 6,82,782 | ബ്ലോക്ക് പഞ്ചായത്ത് കോന്നി |

| | | | |
|---|---|---|---|
| വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 2017-18 | 79,600 | ,, |
| അനുപൂരക പോഷകാഹാര പദ്ധതി | 2017-18 | 17,477 | ,, |
| വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 2018-19 | 16,000 | ,, |
| അനുപൂരക പോഷകാഹാര പദ്ധതി | 2018-19 | 1,50,000 | |
| GWUP സ്കൂളിന് അടുക്കള നിർമ്മാണം | 2018-19 | 1,50,941 | ,, |
| ലൈഫ് ഭവന പദ്ധതി- എസ്.സി.പി. | 2019-20 | 48,250 | ,, |
| വന്യമൃഗങ്ങളിൽ നിന്നും കൃഷി സംരക്ഷണം | 2019-20 | 10,00,000 | ,, |
| Contribution For Joint Venture Project- Block Pt. ( പദ്ധതി വിശദാംശങ്ങൾ ലഭ്യമല്ല) | | 4,16,539 | ,, |
| ആകെ | | 47,20,051 | |

സംയുക്ത പ്രോജക്ടുകളുടെ വിഭവ വിനിയോഗത്തിന് 23.01.2017-ലെ ജി.ഒ.(പി.)നം.07/2017/ധന. നമ്പർ ഉത്തരവ് പ്രകാരം ധനവകുപ്പ് പുറപ്പെടുവിച്ച മാർഗ്ഗരേഖ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ലഭിക്കുന്ന തുക അതേവർഷം ചെലവഴിക്കാൻ കഴിയില്ലെങ്കിൽ ഫെബ്രുവരി 28-നകം തുക നൽകിയ തദ്ദേശഭരണ സ്ഥാപനത്തിന് തിരികെ നൽകണം. സാമ്പത്തിക വർഷാന്ത്യത്തിൽ സംയുക്ത പ്രോജക്ടിന്റെ നിർവ്വഹണ ചുമതലയുള്ള തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽനിന്നുള്ള ചെലവും, ട്രഷറി തുകയും തമ്മിൽ പൊരുത്തപ്പെടുത്തേണ്ടതും, അക്കൗണ്ടിൽ ചെലവാകാതെ അവശേഷിക്കുന്ന തുക സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. പൂർത്തിയാക്കാത്ത സംയുക്ത പ്രോജക്ടുകൾക്കുള്ള സ്പിൽഓവർ ബാദ്ധ്യത പ്രോജക്ടിന് പങ്കാളിത്തം വഹിക്കുന്ന തദ്ദേശസ്ഥാപനങ്ങൾ തങ്ങൾക്ക് തുടർന്ന് വരുന്ന വർഷം ലഭിക്കുന്ന അലോട്ട്മെന്റിൽനിന്നും വകയിരുത്തേണ്ടതുമാണ്. സംയുക്ത പദ്ധതികൾക്ക് ലഭിക്കുന്ന തുക കൃത്യമായി അതത് പദ്ധതികൾക്ക് വിനിയോഗിക്കേണ്ടതും വിനിയോഗ വിവരം ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളെ അറിയിക്കേണ്ടതുമാണ്. സംയുക്ത പദ്ധതികളുടെ വിനിയോഗത്തിന് പഞ്ചായത്ത് തലത്തിൽ ശക്തമായ മോണിറ്ററിംഗ് സംവിധാനം ഉണ്ടാകേണ്ടത് അനിവാര്യമാണ്.

## 1-30 മരുന്നുകൾ ലഭ്യമായില്ല

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഹോമിയോ മരുന്നുകൾ വാങ്ങുന്നതിനുവേണ്ടി 350000/-രൂപ(ബിൽ നം.1/21-22,4-12-21) ഹോംകോയിൽ ഒടുക്കിയിട്ടുണ്ട്. ആയതിൽ 224357/-രൂപയുടെ മരുന്നുകൾ ലഭിച്ചു. ബാക്കി 125643/-രൂപയുടെ മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു. മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-31 നിക്ഷേപ പ്രവൃത്തി- തുടർനിരീക്ഷണം ശക്തമാക്കേണ്ടതാണ്.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പേരുവാലി കുടിവെള്ളപദ്ധതിക്കുവേണ്ടി കേരള വാട്ടർ അതോറിറ്റി എക്സി.എഞ്ചിനീയർ തയ്യാറാക്കിയ 115700000/-എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തൻവർഷം രണ്ടു പ്രൊജക്ടുകൾ നടപ്പിലാക്കി ചുവടെ ചേർത്തിരിക്കും പ്രകാരം തുക ജല അതോറിറ്റിയിൽ ഒടുക്കി.

| പ്രൊജക്ട് നമ്പർ | തുക |
|---|---|
| 305/22 | 8541608 |
| 304/22 | 5925000 |
| ആകെ | 14466608 |

ആകെ 115700000/- എസ്റ്റിമേറ്റുള്ള പ്രൊജക്ടിന് 93600000/-രൂപ ജലജീവൻ മിഷൻ വിഹിതവും, 22100000പഞ്ചായത്ത് വിഹിതവും ചെലവഴിച്ച് ജലഅതോറിറ്റി മുഖേന നിക്ഷപപ്രവൃത്തിയായി നടപ്പാക്കാനാണ് ഉദ്ദേശിച്ചത്. ബഹുവർഷ പ്രൊജക്ടായി ആവിഷ്കരിച്ചപദ്ധതിയിൽ സാമ്പത്തിക വിശകലനത്തിൽ പ്രൊജക്ടിന്റെ ആകെ ചെലവ്, മറ്റ് സ്ഥാപനത്തിൽ നിന്നുള്ള വിഹിതം എന്നിവസൂചിപ്പിച്ചിട്ടില്ല. ജലഅതോറിറ്റിയുമായുള്ള കരാറിലും ആകെ ചെലവ്, ജല അതോറിറ്റിയിൽ നിന്നുള്ള വിഹിതം എന്നിവ വ്യക്തമാക്കിയിട്ടില്ല. നിക്ഷേപ പ്രവൃത്തിയുടെ തുടർ നിരീക്ഷണം ശക്തമാക്കേണ്ടതും, പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ പൂർത്തീകരിച്ചെന്ന് ഉറപ്പാക്കേണ്ടതുമാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| കോന്നി ബ്ലോക്ക് പഞ്ചായത്ത് | 3,00,000 | പച്ചക്കറി കൃഷി വികസനം (എസ്.0071/22) | 3,00,000 | ഇല്ല |
| ,, | 2,49,900 | ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് (എസ്.0063/22) | 2,49,900 | ,, |
| ,, | 1,54,186 | പഞ്ചായത്ത് പടി സ്റ്റേഡിയം ജംഗ്ഷൽ സ്ട്രീറ്റ്ലൈൻ സ്ഥാപിക്കൽ(എസ്.0188/22) | 1,54,186 | ,, |
| ,, | 1,86,794 | സ്ട്രീറ്റ്ലൈൻ നീട്ടൽ -മൂർത്തിമൺ വാർഡ് (എസ്.0250/22) | 1,86,794 | ,, |
| ,, | 3,40,000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (എസ്.0109/22) | 3,40,000 | ,, |
| ജില്ലാ പഞ്ചായത്ത് | 1,59,853 | ടേക്ക്-എ-ബ്രേക്ക് ടോയ്ലറ്റ് കോംപ്ലക്സ് നവീകരണം (എസ്.0222/22) | 1,59,853 | ,, |

### 4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തികൾക്കായി ചെലവഴിച്ച തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് (പ്രോജക്ട് നം.) | ഏജൻസി | തുക | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് |
|---|---|---|---|---|
| 01 | പഞ്ചായത്ത്പടി സ്റ്റേഡിയം ജംഗ്ഷൻ സ്ട്രീറ്റ്ലൈൻ സ്ഥാപിക്കൽ (എസ്.0188/22) | കെ.എസ്.ഇ,ബി. | 1,54,186 | ഇല്ല |
| 02 | സ്ട്രീറ്റ് ലൈൻ നീട്ടൽ-മൂർത്തിമൺ വാർഡ് (എസ്.0250/22) | ,, | 1,86,794 | ,, |
| 03 | പേരുവാലി കുടിവെള്ള പദ്ധതി (എസ്.0304/22) | വാട്ടർ അതോറിറ്റി | 59,25,000 | ,, |
| 04 | പേരുവാലി കുടിവെള്ള പദ്ധതി (എസ്.0305/22) | ,, | 85,41,608 | ,, |
| 05 | GWLP സ്കൂളിന് കുടിവെള്ള | ,, | 1,00,000 | ,, |

| | കണക്ഷൻ (എസ്.0193/22) | | | |
|---|---|---|---|---|

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശ്യം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | 18,64,550 | 13,52,510 | -- | 4,98,667 | -- | 8,53,843 |

നീക്കിയിരുപ്പ് തുക വാർഷിക കണക്കിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ

| ക്രമ നം | ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| 1 | 2004-05 | 1-1(1)(1) | 2004-05 | 1.1(1)(1) | മരാമത്ത് പണികൾ (പൊതു പരാമർശം) | നിലനിൽക്കുന്നു |
| 2 | 2004-05 | 1-11 | 2004-05 | 1.11 | നികുതികളും വിഹിതങ്ങളും ഒടുക്ക് വരുത്തുന്നില്ല (പൊതു പരാമർശം) | നിലനിൽക്കുന്നു |
| 3 | 2004-05 | 2-2 | 2004-05 | 2.2 | നിക്ഷേപ പദ്ധതികൾ പൂർത്തിയാക്കിയില്ല (പൊതു പരാമർശം) | നിലനിൽക്കുന്നു |
| 4 | 2004-05 | 2-3 | 2004-05 | 2.3 | തൊഴിൽ സംരംഭങ്ങൾ അടച്ചു പൂട്ടിയത് (പൊതുപരാമർശം) | നിലനിൽക്കുന്നു |
| 5 | 2004-05 | 2-4 | 2004-05 | 2.4 | കാർഷിക യന്ത്രവൽക്കരണം (പൊതുപരാമർശം) | നിലനിൽക്കുന്നു |
| 6 | 2007-08 | 3-13 | 2007-08 | 3.13 | തെരുവ് വിളക്ക് മീറ്റർ, ഡെപ്പോസിറ്റ് വർക്കുകളുടെ ധന വിനിയോഗ സർട്ടിഫിക്കറ്റ്, നികുതി പിരിവ് (പൊതുപരാമർശം) | നിലനിൽക്കുന്നു |

| | | | | | | |
|---|---|---|---|---|---|---|
| 7 | 2011-12 | 2-3 | 2011-12 | 2-3 | നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച (പൊതു പരാമർശം) | നിലനിൽക്കുന്നു |
| 8 | 2014-15 | 2-1 | 2014-15 | 2.1 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ലാത്തത് സംബന്ധിച്ച് | നിലനിൽക്കുന്നു |
| 9 | 2014-15 | 2-2 | 2014-15 | 2-2 | സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് | നിലനിൽക്കുന്നു |
| 10 | 2015-16 | 2-2 | 2015-16 | 2-2 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ലാത്തത് സംബന്ധിച്ച് | നിലനിൽക്കുന്നു |

## 4-8 ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 11,22,19,323 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 9,89,01,941 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (കേന്ദ്ര-സംസ്ഥാന സർക്കാരിനുള്ള നഷ്ടം ഉൾപ്പെടെ) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

തടസ്സപ്പെടുത്തിയ തുക

ഇല്ല

സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി7/203/10 തീയതി 13-1-11/22-3-12 | 4( 3-11,3-12,3-13,3-14) |
| 2007-08 | എൽ.എഫ് പി.റ്റി.എ-പി9/242/12 തീയതി 14-5-12/16-11-12 | 1(3-5) |
| 2009-10 | എൽ. എഫ് പി റ്റി എ പി 9/ 262/12 തീയതി 06-06-12 | 3(3-1, 3-2, 3-3) |
| 2013-14 & 2014-15 | എൽ. എഫ് പി റ്റി എ പി 9/929/16 തീയതി 6.2.2016 | 3(2-1, 2-2, 3-4) |
| 2015-16 | കെ.എസ്.എ.പി.റ്റി.എ പി9/1450/16 തീയതി 20-01-2017 | 2(3-1,3-2) |
| 2016-17 | കെ.എസ്.എ.പി.റ്റി.എ പി9/1133/17 തീയതി 19-10-2017 | 4(3-11, 3-12, 3-18, 3-19) |
| 2017-18 | കെ.എസ്.എ.പി.റ്റി.എ പി9/1626/18 തീയതി 07-01-2019 | 4(2-3, 2-5, 2-10, 3-7) |
| 2018-19 | കെ.എസ്.എ.പി.റ്റി.എ പി9/199/20 തീയതി 20.03.2020 | എല്ലാ ഖണ്ഡികകളും |
| 2019-20 | കെ.എസ്.എ.പി.റ്റി.എ പി9/607/21 തീയതി 01.10.2021 | ,, |
| 2020-21 | കെ.എസ്.എ.പി.റ്റി.എ പി9/608/21 തീയതി 03.10.2021 | ,, |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ തണ്ണിത്തോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ തണ്ണിത്തോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്